**കേരള സർക്കാർ**

**കൃഷി വകുപ്പ്**

# നവീനം, സുസ്ഥിരം, സ്വയംപര്യാപ്തം – കാർഷിക കേരളം 2031

**(വിഷൻ 2031 നയരേഖ )**

## ആമുഖക്കുറിപ്പ്

ദേശീയ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് കാർഷിക മേഖല. രാജ്യത്ത് ജനസംഖ്യയുടെ വലിയൊരു ശതമാനം കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ കാർഷിക മേഖലയും വ്യത്യസ്തമല്ല. നവീന കാർഷിക രീതികൾ, ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ലോകമെമ്പാടും കാർഷിക മേഖലയിൽ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. കാർഷിക മേഖലയിൽ നൂതന സാങ്കേതികവിദ്യയുടെ കടന്നുവരവ് മനുഷ്യാദ്ധ്വാനത്തിൽ കുറവും വരുമാനത്തിൽ വർദ്ധനവും ഉണ്ടാക്കി കഴിഞ്ഞു. ഈ രീതികൾ കേരളത്തിലെ കാർഷിക മേഖലയിൽ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശ്രമമാണ് കേരള സർക്കാരും കൈക്കൊണ്ടുവരുന്നത്.

ദ്വിതീയ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടും നവീന കൃഷി രീതികൾ അനുവർത്തിച്ചുകൊണ്ടും ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചും കാർഷിക മേഖലയ്ക്ക് ഈ സർക്കാർ ഊർജ്ജം നൽകിക്കൊണ്ടിരിക്കുകയാണ്. ഉൽപ്പാദനക്ഷമതയെയും സുസ്ഥിരതയെയും തടസ്സപ്പെടുത്തുന്ന നിരവധി പ്രധാന വെല്ലുവിളികൾ കേരളത്തിലെ കാർഷിക മേഖല അഭിമുഖീകരിച്ചിരുന്നു. കേന്ദ്രസർക്കാരിന്റെ കേരളത്തോടുള്ള വിവേചനത്തെ തുടർന്നുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മേഖലയുടെ സുസ്ഥിര വികസനത്തിന് ശക്തമായ അടിത്തറയിടുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈകൊണ്ട നടപടികളിലൂടെ സാദ്ധ്യമായിട്ടുണ്ടെന്ന് ചാരിതാർത്ഥ്യത്തോടെ പറയുവാൻ കഴിയും. കേരളത്തിൻ്റെ കാർഷികമേഖലയുടെ ശക്തി ദൗർബല്യങ്ങളും മേഖലയിലെ അവസരങ്ങളും ഭീഷണികളും മനസ്സിലാക്കിക്കൊണ്ടുള്ള ആസൂത്രണമാണ് സർക്കാർ നടത്തിയത്. അവ വിജയിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഈ സർക്കാരിൻ്റെ തുടർന്നുള്ള കാലയളവിലേക്കും അടുത്ത് വരുന്ന സർക്കാരുകൾക്കും സുസ്ഥിരമായ ഒരു കാർഷിക നയം രൂപീകരിക്കുന്നതിന് അടിത്തറയാകാൻ സാധ്യമാകുന്ന കാർഷിക പരിഷ്കാരങ്ങളാണ് ഇവ. അതിനാൽ തന്നെ ഇവ തുടരേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, **"നവീനം, സുസ്ഥിരം, സ്വയംപര്യാപ്തം – കാർഷിക കേരളം 2031"** എന്ന ദീർഘദർശിയായ ഒരു നയരേഖ കാർഷിക മേഖലയ്ക്ക് അടുത്ത അഞ്ചുവർഷത്തേക്ക് ഒരു ദിശാബോധം നൽകുവാൻ പ്രയോജനപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.

ഈ നയരേഖ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരുടെയും കർഷക സംഘടനകളുടെയും അഭിപ്രായങ്ങൾ, വിദഗ്ധ സമിതികളുടെ ചർച്ചകൾ, ശാസ്ത്രീയ പഠനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. 2031–ഓടെ കേരളത്തെ തരിശുരഹിതവും കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതുമായ കാർഷിക പ്രദേശമാക്കി മാറ്റുക എന്നതാണ് ഈ വിഷന്റെ കാതൽ. കർഷകവരുമാനം ഇരട്ടിയാക്കുക, 5 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രധാന ഭക്ഷ്യവിളകളിൽ പൂർണ സ്വയംപര്യാപ്തത കൈവരിക്കുക, തരിശുഭൂമികളെ പുനരുജ്ജീവിപ്പിക്കുക, വന്യമൃഗ ശല്യം നിയന്ത്രിക്കുക, യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുക തുടങ്ങിയവയിലൂടെ നമുക്ക് ഒരു സമൃദ്ധ കേരളം സൃഷ്ടിക്കാനാവും. കർഷകർ, ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ, യുവതലമുറ എന്നിവരുടെ സഹകരണത്തോടെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കാം.

**പി. പ്രസാദ്**

## ഉള്ളടക്കം


| നം | പേര് | പേജ് നം |
|---|---|---|
| 1 | പശ്ചാത്തലവും ആവശ്യകതയും | 3 |
| 2 | കാഴ്ചപ്പാടും ദൗത്യവും | 3 |
| 3 | ലക്ഷ്യങ്ങൾ | 4 |
| 3.1 | പൊതു ലക്ഷ്യങ്ങൾ | 4 |
| 3.2 | ഉപലക്ഷ്യങ്ങൾ | 4 |
| 4 | മേഖലകൾ | 4 |
| 4.1 | നെൽകൃഷി വികസനം. | 5 |
| 4.2 | നാളികേരകൃഷി വികസനം | 9 |
| 4.3 | പച്ചക്കറി വികസനം. | 12 |
| 4.4 | ഫല വർഗ്ഗ കൃഷി വികസനം | 15 |
| 4.5 | പുഷ്പ കൃഷി വികസനം | 17 |
| 4.6 | പോഷകസമൃദ്ധി മിഷൻ, ജൈവകൃഷി മിഷൻ, പ്രകൃതി കൃഷി ഉപമിഷൻ | 18 |
| 4.7 | മൂല്യവർദ്ധിത കാർഷിക മേഖല ആധാരമാക്കിയ പ്രാദേശിക സാമ്പത്തിക വകസനം | 22 |
| 4.8 | കാർഷിക മേഖലയിലെ വന്യമൃഗ ശല്യം. | 26 |
| 4.9 | കൃഷിക്കൂട്ടങ്ങൾ | 27 |
| 4.10 | നൂതന സാങ്കേതിക വിദ്യാധിഷ്ഠിത കൃഷി | 30 |
| 4.11 | കാർഷിക യന്ത്രവൽക്കരണവും സാങ്കേതിക പരിഷ്കാരവും | 33 |
| 4.12 | വരുമാനം ഉറപ്പാക്കുന്ന കൃഷി രീതി (Income Assured Agriculture) | 34 |

| | | |
|---|---|---|
| **4.13** | **കർഷക ക്ഷേമ പരിപാടികൾ** | 35 |
| **4.14** | **കാർഷിക പ്രോത്സാഹന പരിപാടികൾ** | 38 |
| **4.14 (i)** | **10000 യുവാക്കൾക്ക് കർഷക മേഖലയിൽ AI/IoT പരിശീലനം** | 38 |
| **4.14 (ii)** | **1000 സ്കൂളുകളിൽ സ്കൂൾ ഫാമുകൾ** | 39 |
| **4.14 (iii)** | **1000 സ്കൂളുകളിൽ അഗ്രി കേഡറ്റ് കോപ്സ്** | 40 |
| **4.14 (iv)** | **5000 അഗ്രി വോളന്റിയർമാർ** | 41 |
| **4.14 (v)** | **കൃഷി ദർശൻ പരിപാടി എല്ലാ ബ്ലോക്കുകളിലും** | 41 |
| **4.14 (vi)** | **SAMETI –യെ അന്താരാഷ്ട്ര പരിശീലന കേന്ദ്രമായി ഉയർത്തും** | 42 |
| **4.14 (vii)** | **വിദേശരാജ്യങ്ങളിൽ 500 കർഷകർക്ക് പരിശീലനം** | 43 |
| **4.14 (viii)** | **വിദേശ സാങ്കേതിക സഹായത്തോടെ 5 മികവിന്റെ കേന്ദ്രങ്ങൾ** (Centers of Excellence) | 43 |
| **4.14 (ix)** | **അനുഭവം പദ്ധതി** | 44 |
| **4.14 (X)** | **വെളിച്ചം പദ്ധതി** | 44 |
| **4.15** | **കാർഷിക ടൂറിസം സർക്യൂട്ടുകൾ** | 45 |
| **4.16** | **കർഷകർക്ക് കാർബൺ ക്രെഡിറ്റ് പദ്ധതികൾ** | 46 |
| **4.17** | **വനിതാ കർഷക പദ്ധതികൾ.** | 47 |
| **4.18** | **കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്ന കൂടുതൽ വിത്തിനങ്ങൾ** | 48 |
| **4.19** | **ജലസംരക്ഷണത്തിനായി 5000 ചെറുകുളങ്ങളുടെ പദ്ധതി** | 49 |
| **4.20** | **വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കാനുള്ള നടപടികൾ** | 49 |
| **5** | **നടപ്പാക്കലും നിരീക്ഷണവും** | 50 |
| **6** | **ഉപസംഹാരം** | 50 |

# 1. പശ്ചാത്തലവും ആവശ്യകതയും

കേരളത്തിന്റെ കാർഷിക ചരിത്രം പുരാതന കാലം മുതൽക്കേ സമ്പന്നമാണ്. വേദകാലത്ത് തന്നെ നെൽകൃഷി പ്രചാരത്തിലുണ്ടായിരുന്നു എന്ന് ചരിത്ര രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്യൻ വ്യാപാരികൾ എത്തിയപ്പോൾ നാളികേരം, കുരുമുളക്, ഏലം തുടങ്ങിയവ കേരളത്തിന്റെ പ്രധാന കയറ്റുമതി ഉൽപ്പന്നങ്ങളായിരുന്നു. 1960–കളിലെ ഭൂപരിഷ്കരണ നിയമങ്ങൾ കർഷകർക്ക് ഭൂമി ലഭ്യമാക്കി. 1970–കളിലെ ഹരിത വിപ്ലവം നെല്ലുല്പാദനം ഉയർത്തി. അന്ന് കേരളത്തിന്റെ നെൽകൃഷി വിസ്തൃതി 8.8 ലക്ഷം ഹെക്ടറായിരുന്നു. എന്നാൽ, 1990–കളോടെ നഗരവൽക്കരണം, വ്യവസായവൽക്കരണം, റിയൽ എസ്റ്റേറ്റ് വളർച്ച എന്നിവ കൃഷി ഭൂമിയെ കുറച്ചു.

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന അതിതീവ്രമഴയും കൊട്ടും വരൾച്ചയും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ് വിളകളുടെ ഉല്പാദന ക്ഷമതയെ കുറക്കുന്നു. തരിശുഭൂമി 1.2 ലക്ഷം ഹെക്ടറാണ്. വന്യമൃഗശല്യം മൂലം സംസ്ഥാനത്ത് കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്നു. FAO റിപ്പോർട്ട് പ്രകാരം 2030–ഓടെ ഭക്ഷ്യോൽപ്പാദനം ആഗോള തലത്തിൽ 50 ശതമാനം വർധിപ്പിക്കണം. NITI Aayog കണക്കുകൾ പ്രകാരം കേരളത്തിന്റെ ഭക്ഷ്യസ്വയംപര്യാപ്തത 38 ശതമാനമാണ്. ഇത് 100 ശതമാനമാക്കണം. ഈ പശ്ചാത്തലത്തിലാണ് വിഷൻ 2031 നയരേഖ രൂപപ്പെടുത്തിയത്.

# 2. കാഴ്ചപ്പാടും ദൗത്യവും

2031–ഓടെ കേരളം തരിശുരഹിതവും കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതും നവീന സാങ്കേതികതയാൽ സമ്പന്നവും ജൈവ–പ്രകൃതി അടിസ്ഥാനമാക്കിയുള്ള സുസ്ഥിര കാർഷിക സമ്പദ്‌വ്യവസ്ഥയുള്ള സംസ്ഥാനമായി മാറും. നെൽ, നാളികേരം, പച്ചക്കറി, പഴവർഗ്ഗ മേഖലകളിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി കർഷകരുടെ സാമൂഹ്യ–സാമ്പത്തിക പുരോഗതിയും ഉറപ്പാക്കും. നവീനവും കാലാവസ്ഥാ അനുരോധകവുമായ കാർഷിക മേഖല സൃഷ്ടിക്കുക. ദ്വിതീയ കാർഷിക മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുക. കർഷകവരുമാനം ഇരട്ടിയാക്കുക. കാർഷിക സ്വയംപര്യാപ്തത കൈവരിക്കുക തുടങ്ങിയവയാണ് പൊതു ലക്ഷ്യമായി ഏറ്റെടുത്തിരിക്കുന്നത്. ഈ ലക്ഷ്യപ്രാപ്തിയിൽ

എത്തിച്ചേരുവാൻ തരിശുരഹിത കേരളം സൃഷ്ടിക്കുക. നവീന കൃഷിരീതികൾ വ്യാപകമാക്കുക. ഡിജിറ്റൽ സാങ്കേതികതയുടെ വ്യാപനം ഉറപ്പാക്കുക. 5 ലക്ഷം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക. കുറഞ്ഞത് 1 ലക്ഷം കർഷകർക്ക് പ്രതിമാസം 1 ലക്ഷം രൂപ വരുമാനം ഉറപ്പാക്കുക. 10,000 കേരളഗ്രോ ബ്രാൻഡ് ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക. 50 അന്താരാഷ്ട്ര ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക. 10,000 കോടി രൂപയുടെ അന്താരാഷ്ട്ര ബിസിനസ് നേടുക. 750 പഞ്ചായത്തുകളിൽ കൃഷി സമൃദ്ധി കൈവരിക്കുക. 1 ലക്ഷം ഹെക്ടർ നവോ-ധൻ കൃഷി നടപ്പാക്കുക തുടങ്ങിയ ഉപലക്ഷ്യങ്ങളും വിഷൻ 2031 മുന്നോട്ടു വയ്ക്കുന്നു.

# 3. ലക്ഷ്യങ്ങൾ

## 3.1 പൊതു ലക്ഷ്യങ്ങൾ

- നവീനവും നൂതനവും കാലാവസ്ഥ അനുരോധകവുമായ കാർഷിക മേഖല
- ദ്വിതീയ കാർഷിക മേഖലയുടെ സമഗ്ര വികസനം
- കർഷക വരുമാനം ഇരട്ടിയാക്കൽ
- കാർഷിക സ്വയംപര്യാപ്തത

### 3.2 ഉപലക്ഷ്യങ്ങൾ

- തരിശ് രഹിത കാർഷികകേരളം
- നവീന കൃഷിരീതികൾ പ്രയോജനപ്പെടുത്തൽ
- ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തൽ
- കാർഷിക മേഖലയിൽ 5 ലക്ഷം പുതിയ തൊഴിലവസരങ്ങൾ
- കുറഞ്ഞത് ഒരു ലക്ഷം കർഷകരുടെ പ്രതിമാസ വരുമാനം ഒരു ലക്ഷമാക്കൽ
- 10000 ഉത്പന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡ്
- കേരളാ അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) യുടെ നേതൃത്വത്തിൽ 50 അന്താരാഷ്ട്ര ബിസിനസ് മീറ്റുകളിൽ പങ്കാളിത്തം. 10000 കോടി രൂപയുടെ അന്താരാഷ്ട്ര ബിസിനസ്
- കൃഷി സമൃദ്ധി 750 പഞ്ചായത്തുകളിൽ
- സമഗ്ര പച്ചക്കറി ഉത്പാദന യജ്ഞത്തിലൂടെ പച്ചക്കറി ഉത്പാദനത്തിൽ 2031 -ൽ സ്വയംപര്യാപ്തത.
- നവോ-ധൻ പദ്ധതി വഴി ഒരു ലക്ഷം ഹെക്ടറിലെ കൃഷി

# 4 . മേഖലകൾ

## 4.1 നെൽകൃഷി വികസനം.

**അവസ്ഥാവിശകലനം**

നഗരവൽക്കരണവും കാലാവസ്ഥാ വ്യതിയാനവും കൃഷിഭൂമിയുടെ ഗാർഹിക വാണിജ്യാവശ്യങ്ങൾക്കുള്ള പരിവർത്തനവും നിമിത്തം നെൽകൃഷിയുടെ വിസ്തൃതി കുറയുന്ന സാഹചര്യത്തിൽ നെൽകൃഷി വിസ്തൃതി രണ്ടുലക്ഷം ഹെക്ടറിൽ കുറയാതെ നില നിർത്തുകയും, ഉൽപാദനക്ഷമത നിലവിലുള്ള 3 ടണ്ണിൽ (അരിഹെക്ടറിന് ) നിന്നും 4.5 ടണ്ണിലേക്ക ഉയർത്തുകയും ചെയ്യുകയാണെങ്കിൽ സംസ്ഥാനത്തിന്റെ അരി ആവശ്യകതയുടെ നല്ലൊരു പങ്ക് നമുക്ക് സ്വന്തമായി ഉല്പാദിപ്പിക്കാൻ സാധിക്കും. സംസ്ഥാനത്ത് നെൽകൃഷി പ്രധാനമായും കേന്ദ്രീകരിച്ചിട്ടുള്ളത് ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നീ നാല് ജില്ലകളിലാണ്. ആയതുകൊണ്ട് ഈ നാല് ജില്ലകളിലും നെൽകൃഷി വിസ്തൃതി വ്യാപനവും, ഉല്പാദനക്ഷമത വർദ്ധനവും ഊർജിതമായി നടപ്പാക്കേണ്ടതുണ്ട്. നെൽവയലുകൾക്ക് പാരിസ്ഥിതികമായ പ്രാധാന്യം ഉള്ളതുകൊണ്ടും ഇതിനോടനുബന്ധിച്ചുള്ള ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും ആയി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കുറ്റമറ്റതായി നടപ്പിലാക്കുകയും വേണം.

**ലക്ഷ്യങ്ങൾ**

- നെൽകൃഷി വിസ്തൃതി കുറഞ്ഞത് 2 ലക്ഷം ഹെക്ടറായി നിലനിർത്തുക
- ഉത്പാദനക്ഷമത (അരി) 4.50 ടൺ / ഹെക്ടർ ആയി വർധിപ്പിക്കുക.
- അത്യുത്പാദന ശേഷിയും കാലാവസ്ഥാ അനുരോധവുമായ 10 പുതിയ വിത്തിനങ്ങൾ പുറത്തിറക്കുക.
- പൊക്കാളി മേഖലയിൽ കേരള കാർഷിക സർവകലാശാല, കാംകോ എന്നിവയുടെ സാങ്കേതിക സഹായത്തോടെ സാധ്യമായ പ്രദേശങ്ങളിലെല്ലാം യന്ത്രവൽക്കരണം നടപ്പാക്കുക.
- കുട്ടനാട് വികസന ഏകോപന കൗൺസിൽ വഴി രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുക
- RIDF, പ്ലാൻ ഫണ്ട്, RKVY, KERA തുടങ്ങിയ പദ്ധതികളിൽ നിന്നും അധിക തുക കണ്ടെത്തി സംഭരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക.
- നെല്ലിൻ്റെ ഉല്പാദനക്ഷമതയിൽ സംസ്ഥാനത്തെ ദക്ഷിണേന്ത്യയിൽ ഒന്നാമതാക്കുക.

- സംസ്ഥാനത്തിന് ആവശ്യമായ ഉയർന്ന ഗുണനിലവാരമുള്ള നെൽ വിത്തുകളുടെ ലഭ്യത സർക്കാർ കൃഷി ഫാമുകൾ, കേരള കാർഷിക സർവകലാശാല എന്നിവ വഴി ഉറപ്പാക്കുക.

**വെല്ലുവിളികൾ**

- നിലം പരിവർത്തനപ്പെടുത്തുന്നതും കുറഞ്ഞു വരുന്ന ആളോഹരി സ്ഥലവും
- ഉയർന്ന കൂലിച്ചെലവും, ഉത്പ്പാദനച്ചെലവും
- കാലാവസ്ഥാ വ്യതിയാനവും അത് മൂലമുണ്ടാകുന്ന കീട–രോഗാക്രമണം, പ്രകൃതി ദുരന്തങ്ങൾ, അതിവർഷം, വരൾച്ച, ഉഷ്ണതരംഗം, മണ്ണിന്റെ കുറഞ്ഞു വരുന്ന ഫലഭൂയിഷ്ഠത മുതലായവ
- പ്രവചനാതീതമായ കാലാവസ്ഥാ വ്യതിയാനം പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഉണ്ടാക്കുന്ന തടസ്സങ്ങൾ.
- തുണ്ടുവൽക്കരിക്കപ്പെട്ട നിലങ്ങളിൽ സമ്പൂർണ്ണ യന്ത്രവൽക്കരണത്തിനുള്ള പ്രായോഗിക ബുദ്ധിമുട്ടും അത്തരം സ്ഥലങ്ങളിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്ന യന്ത്രങ്ങളുടെ ലഭ്യതക്കുറവും
- അപര്യാപ്തമായ സംഭരണ സൗകര്യങ്ങൾ
- ഗവേഷണത്തിനുള്ള സാമ്പത്തിക സഹായത്തിന്റെ കുറവ്
- ഉപ്പുവെള്ളം നിയന്ത്രിക്കാൻ സ്ഥിരമായ സംവിധാനത്തിൻ്റെ അപര്യാപ്തത.
- പൊക്കാളി കൃഷിക്ക് അനുയോജ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത കുറവ്.
- നവീന കാർഷിക സാങ്കേതികവിദ്യകളുടെ പ്രയോഗത്തിലുള്ള കുറവ്.

**ഇടപെടലുകൾ**

- വിസ്തൃതി വ്യാപനം, കൂലിച്ചെലവ്, ഉല്പാദനോപാധികൾക്കുള്ള സഹായം എന്നിവയ്ക്കായി അഞ്ചുവർഷംകൊണ്ട് കുറഞ്ഞത് 1000 കോടി രൂപ മേഖലയിൽ ലക്ഷ്യമിടുന്നു.
- ജലലഭ്യത ഉറപ്പുവരുത്തുന്നതിനും, അധികജലം പമ്പുചെയ്ത് മാറ്റുന്നതിനും, ഉപ്പുവെള്ളം നിയന്ത്രിക്കുന്നതിനും പാടശേഖരങ്ങളുടെ ബണ്ടുകൾ ബലപ്പെടുത്തുന്നതിനും RIDF, KERA, RKVY, SMAM തുടങ്ങിയ പദ്ധതികളിലൂടെ അഞ്ചുവർഷംകൊണ്ട് കുറഞ്ഞത് 750 കോടി രൂപയുടെ പ്രവർത്തനങ്ങൾ

ലക്ഷ്യമിടുന്നു.

- നെൽകൃഷി കൂടുതലായുള്ള ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് നിലവിൽ ഉള്ള വിസ്തൃതിയിൽ നിന്നും അധികമായി 20000 ഹെക്ടർ കണ്ടെത്തി കൃഷിയിറക്കുകയും മറ്റു ജില്ലകളിൽ അധികമായി 5000 ഹെക്ടറിൽ കൃഷി ഇറക്കുവാനും ലക്ഷ്യമിടുന്നു.

- കുട്ടനാട്ടിലെ 62900 കർഷകർ കൃഷി ചെയ്യുന്ന 50,000 ത്തോളം ഹെക്ടർ വിസ്തൃതിയുള്ള നെൽപ്പാടങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള രണ്ടാം കുട്ടനാട് പാക്കേജ് കാലാനുസൃതമായ മാറ്റങ്ങളോടെ കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പാക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി കേന്ദ്രസഹായവും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും സഹകരണ മേഖലയുടെയും പങ്കാളിത്തം ഉറപ്പുവരുത്തും.

- നെൽവയൽ–തണ്ണീർത്തടസംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുന്നതിന് ഡിജിറ്റൽ സാങ്കേതിക വിദ്യയും നിർമ്മിത ബുദ്ധിയും ഫലപ്രദമായി ഉപയോഗപ്പെടുത്തും.

- സംസ്ഥാനത്ത് ലഭ്യമായ തരിശ് നെൽവയലുകൾ കൃഷി ചെയ്യുന്നതിനായി ഏറ്റെടുക്കുന്നതിനും , അത് തല്പരരായ കർഷകർക്ക് നിശ്ചിത കാലത്തേക്ക് കൃഷിക്കായി വിട്ടു നൽകുന്നതിനും നവോ –ധൻ പദ്ധതിയിലൂടെ സാദ്ധ്യമാക്കും.

- കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ പദ്ധതി വഴി മേഖലയിലെ യന്ത്രവൽക്കരണം ത്വരിതപ്പെടുത്തും.

- അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ കൃഷി വ്യാപിപ്പിക്കും.

- ശാസ്ത്രീയമായ വളപ്രയോഗവും, കൃഷി മുറകളും അവലംബിച്ച് മണ്ണിന്റെ ശാസ്ത്രീയമായ പരിപാലനം ഉറപ്പാക്കും.

- ശാസ്ത്രീയമായ കളനിയന്ത്രണ രീതികൾ അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കും.

- ഡ്രോൺ, ഡ്രം സീഡർ എന്നിവ ഉപയോഗിച്ചുള്ള വിത പ്രോത്സാഹിപ്പിക്കും.

- സൂക്ഷ്മ മൂലക പ്രയോഗം ശാസ്ത്രീയമായ രീതിയിൽ വ്യാപകമാക്കും .

- മണ്ണിന്റെ ഉർവ്വരത കൂട്ടുവാനും നിലനിർത്തുവാനും ഉതകുന്ന ജീവാണുവളങ്ങളുടെ നിർമ്മാണം, ലഭ്യത, ഉപയോഗം എന്നിവ ഉറപ്പ് വരുത്തും.

- ജൈവ നിയന്ത്രണ ഉപാധികളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ നടപടി കൈക്കൊള്ളും. ഇതിനായി ബയോ കൺട്രോൾ ലാബുകൾ ആരംഭിക്കുകയും നിലവിലുള്ളവ ശാക്തീകരിക്കുകയും ചെയ്യും.

- ഓരോ പ്രദേശത്തിനും ചെറിയ പാടങ്ങൾക്കും അനുയോജ്യമായ യന്ത്രങ്ങൾ കേരള കാർഷിക സർവ്വകലാശാല, കാംകോ എന്നിവയുടെ സഹായത്തോടെ വികസിപ്പിക്കും.

- വിപണി മൂല്യമുള്ള പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കും . അവ ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിക്കും.

- അത്യുൽപാദനശേഷിയുള്ളതും കാലാവസ്ഥ അനുരോധവുമായ നെല്ലിനങ്ങൾ പുറത്തിറക്കുന്നതിന് ഊർജിതമായ ഗവേഷണ പരിപാടികൾ കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ നടത്തും. വിത്ത് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും, സൂക്ഷിക്കുന്നതിനും ആധുനിക സംഭരണ ശാലകൾ ഒരുക്കും.

- പരമ്പരാഗത വിത്തുകൾ പ്രോത്സാഹിപ്പിക്കുന്ന നടപടികളിലൂടെ പ്രാദേശിക വിത്തുകൾ സംരക്ഷിക്കും.

- 2008–ൽ ഭൗമസൂചിക പദവി (ജി.ഐ. ടാഗ്) ലഭിച്ച പൊക്കാളി കൃഷി പൂർണ്ണമായും യന്ത്രവൽകൃതം ആക്കുന്നതിന് ആവശ്യമായ യന്ത്രങ്ങൾ വികസിപ്പിക്കും.

- 'മാറ്റ്" നഴ്സറി ഉപയോഗിച്ച് യന്ത്രവത്കൃത നടീൽ സാധ്യമായ ഇടങ്ങളിൽ പ്രോത്സാഹിപ്പിക്കും.

- സർട്ടിഫൈഡ് വിത്ത് ഉത്പാദനം ശക്തിപ്പെടുത്തുവാൻ KSSDA യുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കും. വിത്തുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബുകൾ ശക്തിപ്പെടുത്തും.

- പ്രദർശന തോട്ടങ്ങൾ ജില്ലാതലത്തിൽ തയ്യാറാക്കി ശാസ്ത്രീയ കൃഷിരീതികളിലുള്ള അവബോധം വളർത്തും.

- സംസ്ഥാനത്ത് 33 വിത്ത് ഉൽപാദന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ ഫാമുകളുടെ മൊത്തം വിസ്തൃതി 351.72 ഹെക്ടറാണ്. അടിസ്ഥാനസൗകര്യ വികസനത്തിലൂടെ ഇവിടത്തെ ഉൽപാദനം നിലവിലുള്ള 625 മെട്രിക് ടണ്ണിൽ നിന്നും 2000 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കും. ഇതിനായി ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം കണ്ടെത്തും.

- RIDF, RKI, RKVY, SMAM തുടങ്ങിയ പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ പൂർണ്ണമായും മാപ്പ് ചെയ്യുകയും ആയതിന്റെ കാര്യക്ഷമത നിരന്തരം

നിരീക്ഷിക്കുവാനുള്ള ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.

## 4.2 നാളികേരകൃഷി വികസനം

**അവസ്ഥാവിശകലനം**

നാളീകേരകൃഷിയിൽ സംസ്ഥാനം വിസ്തൃതിയിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തും ഉല്പാദനത്തിൽ മൂന്നാം സ്ഥാനത്തുമാണ്.

- വിസ്തൃതി: – 7.7 ലക്ഷം ഹെക്ടർ
- ഉൽപ്പാദനം – 5522 ദശ ലക്ഷം തേങ്ങ
- ഹെക്ടറൊന്നിനുള്ള വിളവ് – 7,211 തേങ്ങ

ഉൽപാദനത്തിൽ ഒന്നും, രണ്ടും സ്ഥാനത്ത് നിൽക്കുന്ന കർണാടകം, തമിഴ്നാട് എന്നിവിടങ്ങളിൽ ഉൽപ്പാദനക്ഷമത ഹെക്ടറിന് 10894 ഉം , 12790 ഉം തേങ്ങ എന്ന ക്രമത്തിലാണ്. സംസ്ഥാനത്ത് ആകെ കൃഷിഭൂമിയുടെ 30.22% നാളികേരം ആണെങ്കിലും തോട്ടം അടിസ്ഥാനത്തിലുള്ള കൃഷിയല്ല സംസ്ഥാനത്ത് നിലവിലുള്ളത്. പുരയിട കൃഷിയിൽ കേന്ദ്രീകരിച്ച കൃഷി രീതിയിൽ വ്യാപകമായുള്ള കാറ്റുവീഴ്ച, മണ്ട ചീയൽ, കൊമ്പൻ ചെല്ലി / ചെമ്പൻ ചെല്ലി / വെള്ളീച്ച / മണ്ഡരി ആക്രമണം തുടങ്ങിയവ കൃഷിക്ക് വെല്ലുവിളി സൃഷ്ടിച്ചു. സംസ്ഥാനത്തു 2014 മുതൽ 2025 വരെ 597 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതുവഴി 2.7 ലക്ഷം ഹെക്ടർ പ്രദേശത്തു കേരഗ്രാമം പദ്ധതിയുടെ ഗുണഫലം ലഭ്യമായി. നാളികേര മിഷന്റെ കീഴിലുള്ള പുനരുൽപ്പാദന പരിപാടിയുടെ ഭാഗമായി, വെസ്റ്റ് കോസ്റ്റ് ടാൾ (WCT), കുള്ളൻ, ഹൈബ്രിഡ് ഇനങ്ങൾ എന്നിവ ഉൾപ്പെടുന്ന 70,42,614 തെങ്ങിൻ തൈകൾ വിതരണം ചെയ്തു.

**ലക്ഷ്യങ്ങൾ**

- വിസ്തൃതിയിലും ഉത്പാദനത്തിലും സംസ്ഥാനത്തെ രാജ്യത്തിന്റെ മുൻനിരയിൽ എത്തിക്കുക
- സാധ്യമായ എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കുക

- കേരഗ്രാമം പദ്ധതിയിലൂടെ ഉത്പാദനക്ഷമത 80 തേങ്ങ/തെങ്ങ് ആയി വർധിപ്പിക്കുക

- നാളികേര കൃഷിവിസ്തൃതിയുടെ 50% ഫെർട്ടിഗേഷൻ സംവിധാനം ഏർപ്പെടുത്തുക. ഇത്തരം പ്രദേശങ്ങളിൽ ഒരു തെങ്ങിൽ നിന്നും 100 നാളികേരം എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുക.

- രോഗ-കീട ബാധ പ്രതിരോധശേഷിയുള്ള പുതിയ ഇനം തെങ്ങിൻതൈകൾക്ക് പ്രത്യേക പരിഗണന നൽകി ഉല്പാദനം പ്രോത്സാഹിപ്പിക്കുക.

- നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സംരംഭകർ / എഫ് പി ഓ -കളെ സജ്ജമാക്കുക.

**വെല്ലുവിളികൾ**

- കേരളത്തിലെ മണ്ണിൽ ജൈവാംശം, സൂക്ഷ്മ പോഷകങ്ങൾ എന്നിവയുടെ കുറവ് വ്യാപകമാണ്. മിക്ക മണ്ണുകളുടെയും അമ്ല സ്വഭാവം , വളങ്ങളുടെ കാര്യക്ഷമത കുറയ്ക്കുന്നു. കൂടാതെ, ഭൂമി തുണ്ടുവൽക്കരിക്കപ്പെട്ടതും (Fragmented holdings), തെങ്ങുകൾ തിങ്ങിനിറഞ്ഞു നിൽക്കുന്നതും (Overcrowding) ശാസ്ത്രീയ പരിചരണത്തിന് തടസ്സമാകുന്നു.

- നാളികേര മേഖലയ്ക്ക് ഭീഷണിയായ കാറ്റുവീഴ്ച രോഗം (Root Wilt) പോലുള്ളവയ്ക്ക് ഫലപ്രദമായ പ്രതിവിധിയുടെ അപര്യാപ്തതയും ചെമ്പൻ ചെല്ലി, മണ്ഡരി ,കൊമ്പൻ ചെല്ലി, വെള്ളീച്ച എന്നിവയുടെ വ്യാപകമായ ആക്രമണവും ഉത്പാദനത്തെ ഗുരുതരമായി ബാധിക്കുന്നു.

- ഉത്പാദനശേഷി കുറഞ്ഞതും പ്രായമേറിയതുമായ തെങ്ങുകൾ തോട്ടങ്ങളിൽ ധാരാളമുണ്ട്. ഇവ വെട്ടി മാറ്റി പുതിയ തൈകൾ നടുന്നതിൽ കർഷകർ വിമുഖത കാണിക്കുന്നത് മൊത്തം ഉത്പാദനം കുറയ്ക്കുന്നു.

- തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന വേതനവും നാളികേരത്തിന്റെ കൃഷിച്ചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് വളരെ കൂട്ടുതലാക്കുന്നു.

- വിപണിയിൽ തേങ്ങയ്ക്കും വെളിച്ചെണ്ണയ്ക്കും വിലയിലുണ്ടാകുന്ന ചാഞ്ചാട്ടം കർഷകന്റെ വരുമാനത്തിൽ അസ്ഥിരത സൃഷ്ടിക്കുന്നു.

- നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കുറവും മറ്റ് എണ്ണകളുടെ ഇറക്കുമതി നയങ്ങളും ആഭ്യന്തര വിപണിയിൽ നാളികേരത്തിന്റെ വിലയിൽ വ്യതിയാനം സൃഷ്ടിക്കുന്നു.

- തെങ്ങുകയറ്റം, തോട്ട പരിചരണം എന്നിവയ്ക്ക് ആവശ്യമായ പരിശീലനം ലഭിച്ച തൊഴിലാളികളുടെ കടുത്ത ക്ഷാമം വിളവെടുപ്പ് വൈകുന്നതിനും കൃത്യസമയത്ത് പരിചരണം നൽകാത്തതിനും കാരണമാകുന്നു.
- നീര, കള്ള് എന്നീ പാനീയങ്ങൾ കർഷകന് സ്വന്തമായി ഉല്പാദിപ്പിക്കുന്നതിന് നിയമപരമായുള്ള പരിമിതികൾ.

**ഇടപെടലുകൾ**

- തെങ്ങ് മുഖ്യവിളയായ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതിയുടെ തുടർച്ച ഉറപ്പാക്കും.
- കേരഗ്രാമം പദ്ധതിയിലൂടെ ഉത്പാദനക്ഷമത വർഷത്തിൽ 80 തേങ്ങ / തെങ്ങ് ആയി വർധിപ്പിക്കും. പരമാവധി 85% വരെ സബ്സിഡി നൽകി ഫെർട്ടിഗേഷൻ സംവിധാനം ഏർപ്പെടുത്തി ഉൽപാദനക്ഷമത 100 തേങ്ങ / തെങ്ങ് ആക്കും.
- പ്രായാധിക്യം കൊണ്ട് കായ് ഫലം കുറഞ്ഞതും കാറ്റുവീഴ്ച പോലുള്ള രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് കർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കും.
- കോക്കനട്ട് കൗൺസിൽ വഴിയുള്ള നാളികേര വികസന പദ്ധതി തുടരും.
- തോട്ടങ്ങളിൽ മിശ്ര വിള കൃഷി (Mixed Cropping) പ്രോത്സാഹിപ്പിക്കും .
- മണ്ണ് പരിശോധന നിർബന്ധമാക്കി അമ്ലത കുറയ്ക്കുന്നതിനും സൂക്ഷ്മമൂലകങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കും .
- തെങ്ങ് കയറ്റം / തോട്ട പരിചരണം എന്നിവയിൽ കർമ്മസേനയുടെ സേവനം ഉറപ്പാക്കും .
- കാർഷിക സർവ്വകലാശാലയുടെയും സിപിസിആർഐയുടെയും ഗവേഷണ ഫലങ്ങൾ കർഷകരിലേക്ക് വേഗത്തിൽ എത്തിക്കാൻ പ്രദർശന തോട്ടങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും സാമൂഹ്യ മാധ്യമങ്ങളും ഉപയോഗിച്ചുള്ള വിജ്ഞാന വ്യാപന തന്ത്രങ്ങൾ (Extension Strategies) നടപ്പാക്കും.
- സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ എഫ്.പി.ഒ.കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ധനസഹായം ഉറപ്പാക്കും.
- നീര, വെർജിൻ കോക്കനട്ട് ഓയിൽ (VCO) ഡെസിക്കേറ്റഡ് കോക്കനട്ട്, നാളികേരപ്പാൽ / പൗഡർ, നാറ്റ ഡി കോക്കോ (Nata-de-coco), ചകിരിച്ചോറ്, ആക്റ്റിവേറ്റഡ് കാർബൺ തുടങ്ങിയ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ള

കേരളഗ്രോ ബ്രാൻഡ് ആക്കി കാബ്കോ വഴിയുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കും.

- നാളികേരത്തിൻ്റെ സംഭരണ വില കാലികമായി ഉയർത്തും.
- കയർ, ചിരട്ടാധിഷ്ഠിത വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ (ചകിരി, ചിരട്ട) ലഭ്യത ഉറപ്പാക്കാനായി സംഭരണ സംവിധാനം കാര്യക്ഷമമാക്കും.
- കേന്ദ്രാവിഷ്കൃത പദ്ധതികൾ, ലോക ബാങ്ക് പദ്ധതികൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് നാളികേര വികസനത്തിനായി കൂടുതൽ ഫണ്ട് സമാഹരിക്കാൻ ഒരു പ്രത്യേക നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തും.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി കർഷക ഗ്രൂപ്പുകളുടെ ഏകോപനം നാളികേര കൃഷി മേഖലയിൽ സാദ്ധ്യമാക്കും.

## 4.3 പച്ചക്കറി വികസനം.

**അവസ്ഥ വിശകലനം**

2015-16 വർഷത്തിൽ പച്ചക്കറി വിസ്തൃതി 46500 ഹെക്ടറും ഉൽപ്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. 2024-25 വർഷമായപ്പോൾ പച്ചക്കറി വിസ്തൃതി 1.2204 ലക്ഷം ഹെക്ടറും ഉൽപ്പാദനം 19.106 ലക്ഷം മെട്രിക് ടണ്ണുമായി ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രതിവർഷം 32 ലക്ഷം ടൺ പച്ചക്കറി ആവശ്യമാണ്. VFPCK യുടെ കീഴിൽ നിലവിൽ 2 ലക്ഷത്തിൽപരം കർഷകരും പതിനായിരത്തിലധികം സ്വാശ്രയസംഘങ്ങളുമുണ്ട്. VFPCK കർഷകർ നിലവിൽ 17000 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്നു. ശീതകാല പച്ചക്കറികൾ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്.

**ലക്ഷ്യങ്ങൾ**

- പച്ചക്കറി കൃഷി വിസ്തൃതി ഇരട്ടിയായി വർധിപ്പിക്കുക. **2015-16** ലെ **46500** ഹെക്ടറിൽ നിന്നും **2031 -ൽ 2.25** ലക്ഷം ഹെക്ടറിലേക്ക്.
- വീടുകൾ, സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കൃഷി പ്രോത്സാഹിപ്പിക്കുക.
- വാണിജ്യ പച്ചക്കറി കൃഷിക്ക് പ്രത്യേക പരിഗണന.
- പച്ചക്കറികളുടെ ഹൈബ്രിഡ് വിത്തിനങ്ങൾ കർഷകരിലെത്തിക്കുക.
- ഉത്പാദനം 25 ലക്ഷം ടണ്ണായി വർധിപ്പിക്കുക.

- കയറ്റുമതി ലക്ഷ്യമാക്കി പ്രത്യേക പദ്ധതി നടപ്പാക്കുക.

- നഗരകൃഷി പ്രോത്സാഹിപ്പിക്കാൻ പ്രത്യേക സ്ഥാപന സംവിധാനവും സാങ്കേതിക വിദ്യകളും ഏർപ്പെടുത്തുക.

**വെല്ലുവിളികൾ**

- വികേന്ദ്രീകരിച്ച ശീതീകരണ സംഭരണ സൗകര്യത്തിന്റെ അഭാവം വിളവെടുപ്പാനന്തര നഷ്ടം വർദ്ധിപ്പിക്കുന്നു.
- കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന കാലം തെറ്റിയ മഴ / വരൾച്ച തുടങ്ങിയവ വിളവിനെ പ്രതികൂലമായി ബാധിക്കുന്നു.
- പരമ്പരാഗത ജലസേചന രീതികൾ ആശ്രയിച്ചുള്ള കൃഷിരീതി ഉല്പാദനക്ഷമതയിൽ കുറവുണ്ടാക്കുന്നു.
- കീടങ്ങളുടെയും രോഗങ്ങളുടെയും വ്യാപനം മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു.
- ഉത്പാദനച്ചെലവിലുള്ള വർദ്ധനവ് കർഷകരുടെ ലാഭം കുറയ്ക്കുന്നു.
- സ്ഥലത്തിന്റെ ലഭ്യതക്കുറവ്, പ്രതികൂല കാലാവസ്ഥ, വന്യജീവി ആക്രമണം എന്നിവ പ്രതിസന്ധി സൃഷ്ടിക്കുന്നു.
- ജലസ്രോതസുകളുടെ അഭാവം - നിരന്തരം ജലവിതരണം ലഭിക്കാതിരിക്കുന്നത് പച്ചക്കറി കൃഷിയുടെ തുടർച്ചയെ ബാധിക്കുന്നു.
- കേരളത്തിലെ നീണ്ട മഴക്കാലം (ജൂൺ മുതൽ നവംബർ വരെ) തുറന്ന സ്ഥലങ്ങളിലെ കൃഷിക്ക് തടസ്സമുണ്ടാക്കുന്നു.

- ഭക്ഷ്യവിളകളിൽ നിന്ന് കൂടുതൽ ലാഭകരമായ വാണിജ്യവിളകളിലേക്ക് (Cash Crops) കർഷകർ മാറുന്നത് പച്ചക്കറി കൃഷിയുടെ വിസ്തൃതി കുറയ്ക്കുന്നു.

**ഇടപെടലുകൾ**

- നഗരകൃഷി പ്രോത്സാഹിപ്പിക്കാൻ പ്രത്യേക സ്ഥാപന സംവിധാനവും സാങ്കേതിക വിദ്യകളും ഏർപ്പെടുത്തും.
- സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കും.

- നൂതനവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ കൃഷിയിലൂടെ വാണിജ്യ കൃഷി പ്രോത്സാഹിപ്പിക്കും. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ രൂപീകരിക്കും .
- വിവിധ പച്ചക്കറി വികസന പദ്ധതികൾ ഏകോപിപ്പിക്കും.
- കാലാവസ്ഥാ വ്യതിയാനവും കീടാരോഗാക്രമണവും അതിജീവിച്ച്, കൂടുതൽ വിളവ് നേടുന്നതിനായി നിയന്ത്രിത സാഹചര്യങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കും. ഇതിനായി പോളിഹൗസുകളും മഴമറകളും പ്രോത്സാഹിപ്പിക്കും. ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് തുടങ്ങിയ നവീന കൃഷിരീതികളും സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തും.

- ഗുണമേന്മയുള്ള വിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കും. ഉയർന്ന വിളവ് നൽകുന്ന വിത്തിനങ്ങൾ (High Yielding Varieties) / സങ്കരയിനങ്ങൾ (Hybrid Varieties) പ്രോത്സാഹിപ്പിക്കും .
- സംസ്ഥാനത്തിനായി പ്രത്യേക കയറ്റുമതി നയം ഉണ്ടാക്കി പച്ചക്കറി കയറ്റുമതി മേഖല പ്രോത്സാഹിപ്പിക്കും.
- വിപണനത്തിനായി ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തും.
- ഡ്രിപ്പ് ഇറിഗേഷൻ (തുള്ളിനന), ഫെർട്ടിഗേഷൻ എന്നിവ പ്രോത്സാഹിപ്പിക്കും.
- ആധുനിക കൃഷിരീതികൾ, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, വിളവെടുപ്പിനു ശേഷമുള്ള പരിചരണം എന്നിവയിൽ കർഷകർക്ക് പരിശീലനം നൽകും.
- ജൈവ , പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കും.
- സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കൃഷി പ്രോത്സാഹിപ്പിക്കും.
- പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തി കൂടുതൽ പോഷകത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകും.
- വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തും.
- വിളകൾക്ക് നല്ല വില ഉറപ്പാക്കുന്നതിനായി അടിസ്ഥാന വില വർദ്ധിപ്പിക്കും. വിപണന കേന്ദ്രങ്ങളും കർഷക ഉത്പാദക കമ്പനികളും (FPOs – Farmer Producer Organizations) സ്ഥാപിക്കാൻ പിന്തുണ നൽകും.

- വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിന് ശീതീകരണ സംഭരണികൾ (Cold Storage), സീറോ എനർജി കൂൾ ചേംബറുകൾ എന്നിവ സ്ഥാപിക്കും.

- പച്ചക്കറികൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ (അച്ചാറുകൾ, ജാം,

ഉണക്കിയ പച്ചക്കറികൾ) നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകും.

- കേരള കാർഷിക സർവകലാശാല , ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെജിറ്റബിൾ റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങളുടെ ഏകോപനം ഉറപ്പാക്കി കേരളത്തിലെ വിവിധ കാർഷിക-കാലാവസ്ഥാ യൂണിറ്റുകൾക്ക് (AEU) അനുയോജ്യമായ ഉയർന്ന വിളവ് നൽകുന്ന (High-Yielding) ഹൈബ്രിഡ് വിത്തുകൾ വികസിപ്പിക്കും.

- കർഷകരെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് ഉത്പാദനം, വിപണനം എന്നിവ സംഘടിപ്പിക്കും . വിളവെടുപ്പിന് ശേഷം ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനുമായി സംഭരണം, വിപണനം എന്നിവയ്ക്ക് പ്രത്യേക സംവിധാനങ്ങൾ ഒരുക്കും.

- നവോ-ധൻ (NAWO-DHAN - New Agriculture Wealth Opportunities - Driving Horticulture and Agribusiness Networking) പദ്ധതിയിലൂടെ തരിശ് ഭൂമിയിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കും.

- കാലാവസ്ഥാ വ്യതിയാനങ്ങളും രോഗങ്ങളും മൂലം വിളനാശം സംഭവിക്കുമ്പോൾ കർഷകർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്ന സമഗ്ര വിള ഇൻഷുറൻസ് പദ്ധതി കൂടുതൽ ആകർഷകമാക്കും .

## 4.4 ഫല വർഗ്ഗ കൃഷി വികസനം

### അവസ്ഥ വിശകലനം

സംസ്ഥാനത്തിന്റെ ജനസംഖ്യയ്ക്ക് ആനുപാതികമായി പ്രതിവർഷം 12.775 ലക്ഷം ടൺ പഴവർഗ്ഗങ്ങൾ ആവശ്യമായിട്ടുണ്ട്. സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് വിവിധ ഇനം പഴവർഗ്ഗങ്ങളുടെ ആകെ ഉല്പാദനം 23.62 ലക്ഷം ടൺ ആണ്. എന്നാൽ ഇതിന്റെ ഭൂരിഭാഗവും കയറ്റുമതി ചെയ്തു വരുന്നു. വീട്ട് വളപ്പ് കേന്ദ്രീകരിച്ചുള്ള ചക്ക, മാങ്ങ മുതലായ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാത്ത പഴങ്ങളുടെ വിപണനം കാര്യക്ഷമമല്ലാത്തതിനാൽ വ്യാപകമായ നഷ്ടം ഉണ്ടാവുന്നുണ്ട്. ഇത്തരം മരങ്ങളെ ശാസ്ത്രീയമായി പരിചരിക്കുവാനോ കൃത്യസമയത്ത് വിളവെടുത്ത് സംസ്കരിക്കുന്നതിനോ വിപണനം നടത്തുന്നതിനോ ആവശ്യമായ ഡിജിറ്റൽ വിപണന സംവിധാനമോ ആവശ്യമായ കൂട്ടായ്മയോ രൂപീകൃതമായിട്ടില്ല.

### ലക്ഷ്യങ്ങൾ

- ഫലവർഗ്ഗ വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തദ്ദേശീയവും വിദേശീയവും ഉയർന്ന മൂല്യമുള്ളതുമായ

പഴങ്ങളുടെ കൃഷി വിസ്തൃതി വാണിജ്യാടിസ്ഥാനത്തിൽ വിപുലീകരിക്കുക.

- 300 ഗ്രാമപഞ്ചായത്തുകളിൽ ഫല ഉൽപാദന ക്ലസ്റ്ററുകൾ രൂപീകരിക്കുക.

**വെല്ലുവിളികൾ**

ഭൂമിയുടെ ലഭ്യതക്കുറവ്, കീടരോഗങ്ങൾ, ഗുണമേന്മയുള്ള തൈകളും നടീൽ സാമഗ്രികളും ലഭ്യമാക്കുന്നതിലെ ബുദ്ധിമുട്ടുകൾ, കാലാവസ്ഥാ വ്യതിയാനം, പ്രോസസ്സിംഗ് യൂണിറ്റുകളുടെ കുറവ്, ജലസ്രോതസ്സുകളുടെ കുറവ്, സംഭരണ-വിപണന സൗകര്യങ്ങളുടെ അഭാവം, മൂല്യവർധിത ഉൽപ്പന്ന നിർമ്മാണത്തിലെ പരിമിതികൾ, ഉൽപാദന ചെലവിന്റെ വർധന, കയറ്റുമതി നിലവാരത്തിലുള്ള ഉൽപാദനമില്ലായ്മ, സംഘടനാ അടിസ്ഥാനത്തിലുള്ള കൂട്ടായ പ്രവർത്തനത്തിന്റെ കുറവ് എന്നിവയാണ് പ്രധാന വെല്ലുവിളികൾ.

**ഇടപെടലുകൾ**

- ആധുനിക കൃഷി രീതികൾ അവലംബിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷിയിലൂടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കും .

- മേഖലാടിസ്ഥാനത്തിൽ ഫലവർഗ്ഗങ്ങൾ ഉൽപാദിപ്പിക്കുന്നത് വിപണനത്തിന് ഊർജ്ജം നൽകും . സംഭരണശാലകൾ, സംസ്കരണ യൂണിറ്റുകൾ, ശീതീകരണ ശൃംഖല (Cold Chain) എന്നിവ വികസിപ്പിക്കാൻ സഹായിക്കും. പ്രാദേശികമായി കാർഷിക ഉത്പാദന കൂട്ടായ്മകൾ സംസ്ഥാനതലത്തിൽ KABCO യും വിപണനവും കയറ്റുമതിയും ഏകോപിപ്പിക്കും.

- ക്ലസ്റ്റർ രീതിയിലുള്ള കൃഷിയിലൂടെ ലഭിക്കുന്ന ഉൽപ്പന്നങ്ങൾ “കേര” പദ്ധതിയുടെ ഭാഗമായി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി വിപണനം നടത്തും .

- പ്രാദേശികാടിസ്ഥാനത്തിലുള്ള ക്ലസ്റ്റർ വികസനം, കർഷക പരിശീലനം , സാങ്കേതിക പിന്തുണ, ജലസംഭരണം , സൂക്ഷ്മ ജലസേചനം , ശാസ്ത്രീയമായ കീട-രോഗ നിയന്ത്രണം, മൂല്യവർധിത ഉൽപ്പാദനം, സംഭരണ-വിപണന സൗകര്യങ്ങൾ, ഗവേഷണ-വികസന പ്രവർത്തനങ്ങൾ, ധനസഹായം , ഇൻഷുറൻസ് സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കും.

- വിള ഇൻഷുറൻസ് വ്യാപിപ്പിച്ച് പ്രകൃതി ദുരന്തങ്ങളിൽ നിന്ന് സംരക്ഷണം ഉറപ്പാക്കുക, കർഷക കൂട്ടായ്മകളെയും ഉൽപാദക സംഘടനകളെയും (FPOs) പ്രോത്സാഹിപ്പിക്കുക, കയറ്റുമതി സാധ്യത വികസിപ്പിക്കുക തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ ഫലകൃഷിയെ ലാഭകരമായ, കയറ്റുമതി സാധ്യതയുള്ള മേഖലയാക്കി മാറ്റും .

- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഹോർട്ടികൾച്ചർ മിഷൻ, VFPCK തുടങ്ങിയവ ഫലവർഗ്ഗ കൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കും.
- KAU, ICAR-IIHR, ICAR-IISR, KVK തുടങ്ങിയ സ്ഥാപനങ്ങൾ വഴി കാലാവസ്ഥാ അനുപൂരകമായ ഫലവർഗ്ഗങ്ങളുടെ വികസനം, രോഗപ്രതിരോധ ഗവേഷണം, സാങ്കേതിക പിന്തുണ എന്നിവ ഉറപ്പാക്കും .
- NABARD, കാർഷികബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ വഴി ഫലവർഗ്ഗ കൃഷിക്ക് വായ്പയും സാമ്പത്തിക സഹായവും ലഭ്യമാക്കും.
- മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ഏകോപിപ്പിക്കുവാൻ കൃഷിവകുപ്പിൻ്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സജ്ജമാക്കും.
- KABCO , VFPCK എന്നിവയെ കയറ്റുമതിക്ക് ആവശ്യമായ സർട്ടിഫിക്കേഷൻ, പാക്കിംഗ്, ട്രെയിനിംഗ് തുടങ്ങിയ സേവനങ്ങൾ കർഷകർക്ക് നൽകുവാൻ സജ്ജമാക്കും.

## 4.5 പുഷ്പ കൃഷി വികസനം

അവസ്ഥാ വിശകലനം

പുഷ്പകൃഷിയിൽ മുൻനിരയിൽ നിൽക്കുന്ന ജില്ലകൾ തിരുവനന്തപുരം , എറണാകുളം, ആലപ്പുഴ , തൃശ്ശൂർ , കൊല്ലം , കോട്ടയം എന്നിവയാണ് . ശരാശരി ആയിരം ഹെക്ടറോളം പ്രതിവർഷം പുഷ്പ കൃഷിക്കായി ധനസഹായം നൽകുമെങ്കിലും ക്ലസ്റ്റർ അടിസ്ഥാനത്തിൽ വലിയതോതിൽ പുഷ്പകൃഷി ചെയ്യുന്ന അവസ്ഥയിലേക്ക് ഇതുവരെ എത്തിച്ചേരാൻ ആയിട്ടില്ല. കർഷക കൂട്ടായ്മകൾ ഇല്ലാത്തതിനാൽ വില നിശ്ചയിക്കുന്നത് കച്ചവടക്കാരാണ്. വിലയിൽ വലിയ ഏറ്റക്കുറച്ചിലുകളും, ചിലപ്പോൾ ഉല്പാദിപ്പിച്ച പൂക്കൾ എടുക്കാത്ത സാഹചര്യവും നിലനിൽക്കുന്നു.

ലക്ഷ്യങ്ങൾ

- ക്ലസ്റ്റർ അടിസ്ഥാനത്തിൽ 200 പുഷ്പ ഗ്രാമങ്ങൾ ആരംഭിക്കുക.
- പുഷ്പങ്ങളുടെ വിപണി ഉറപ്പാക്കുക

വെല്ലുവിളികൾ

കേരളത്തിലെ ഭൂരിഭാഗം കർഷകരും ചെറുകിട കൃഷിഭൂമിയുടമകളായതിനാൽ വാണിജ്യപുഷ്പകൃഷി പ്രായോഗികമല്ല. കർഷകരെ ക്ലസ്റ്ററുകളാക്കി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് മേഖലയിലെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതുണ്ട്.

പുഷ്പങ്ങളുടെ വിപണനത്തിനായി ജില്ലാതലത്തിൽ വ്യക്തമായ വിപണന തന്ത്രം രൂപപ്പെടുത്തേണ്ടതുണ്ട്. വിപണിയിലെ ആവശ്യം, വിലസ്ഥിതി, ഗതാഗത ചെലവ്, സംഭരണ സൗകര്യങ്ങൾ എന്നിവ വിപണി ബന്ധത്തിൽ വെല്ലുവിളികളായി നിലകൊള്ളുന്നു.

പുഷ്പങ്ങൾ പെട്ടെന്ന് നശിക്കുന്ന ഉൽപ്പന്നങ്ങളായതിനാൽ അനുയോജ്യമായ സംഭരണ കേന്ദ്രങ്ങളും ശീതീകരണ സംവിധാനവും , ഗതാഗത സംവിധാനവും പ്രധാനമാണ്. ഇല്ലെങ്കിൽ ഉൽപ്പാദന നഷ്ടമുണ്ടാകാനുള്ള സാധ്യത കൂടുതലാണ്..

പുഷ്പങ്ങളുടെ ഗുണനിലവാരം, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയവയിൽ സ്റ്റാൻഡേർഡ് പ്രാക്ടീസ് പാലിക്കാത്തത് വിപണി മൂല്യം കുറയ്ക്കുന്നു.

ഇടപെടലുകൾ

- പുഷ്പകൃഷിയുടെ നോഡൽ ഏജൻസിയായി സംസ്ഥാന ഹോർട്ടികൾച്ചറെ മിഷനെ നിശ്ചയിക്കും.
- പ്രാദേശിക വിപണി, സംസ്ഥാനാന്തര വിപണി, കയറ്റുമതി വിപണി എന്നിവയുടെ ആവശ്യം കൃത്യമായി വിലയിരുത്തി അനുയോജ്യമായ വിപണന പ്ലാൻ രൂപപ്പെടുത്തും.
- ഫ്ലോറി വില്ലേജുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കും.
- ശീതസംഭരണം, പാക്കിംഗ്, ഗ്രേഡിംഗ്, ലേബലിംഗ് തുടങ്ങിയ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ ആരംഭിക്കും.
- ഫ്ലോറി വില്ലേജ് കർഷകർക്ക് പ്രായോഗിക വിഷയങ്ങളിൽ പരിശീലനം നൽകും .
- വനിതാകർഷകർ, യുവാക്കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവരുടെ മേഖലയിലേക്കുള്ള വരവ് ഉറപ്പാക്കുവാൻ പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തും.
- ഫ്ലോറി വില്ലേജുകളെ സ്വയം പര്യാപ്തമായ ഉൽപ്പാദന-വിപണന ഘടനയായി മാറ്റുവാനുള്ള ദീർഘകാല ആസൂത്രണ തന്ത്രം രൂപപ്പെടുത്തും.

## 4.6 പോഷകസമൃദ്ധി മിഷൻ, ജൈവകൃഷി മിഷൻ, പ്രകൃതി കൃഷി ഉപമിഷൻ

### അവസ്ഥാ വിശകലനം

പോഷക സമ്പുഷ്ടമായ ഭക്ഷണത്തെക്കുറിച്ചും ജൈവകൃഷിയെ കുറിച്ചും നല്ല അവബോധം ഉണ്ടെങ്കിലും സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണത്തിൻറെ ലഭ്യത നന്നേ കുറവാണ്.സംസ്ഥാനത്ത് ജൈവ കാർഷിക മിഷനു കീഴിൽ നിലവിൽ ഒരു സംസ്ഥാനവിഷ്കൃത പദ്ധതി- ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതികളായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും കേരളാ മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷനും സുരക്ഷിത ഭക്ഷ്യോത്പാദനത്തിനായി

നടപ്പിലാക്കി വരുന്നു . ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നല്കി കാർഷികമേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി "പോഷക സമൃദ്ധി മിഷൻ" രൂപീകരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ലഭ്യമാക്കുന്നതിനും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളിൽ (അഗ്രോ എക്കോളജിക്കൽ സോൺ) കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, സാമൂഹ്യക്ഷേമം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, എന്നീ വകുപ്പുകളെ ഫലപ്രദമായി ഏകോപിപ്പിച്ച് കൊണ്ടാണ് മിഷന്റെ പ്രവർത്തനം നടപ്പിലാക്കുന്നത്.

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 403.61654 ഹെക്ടറിലെ 624 കർഷകർക്ക് എൻ.പി.ഒ.പി സ്കോപ്പ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട് .ഈ പദ്ധതിയുടെ ഭാഗമായി 2025-26- 1171.3 Ha ൽ , 670 ക്ലസ്റ്ററിലെ 5124 കർഷകർ ഉത്തമ കാർഷിക മുറകൾ വഴി കൃഷി ചെയുന്നുണ്ട്.

BPKP പദ്ധതിയുടെ ഭാഗമായി 82000 ഹെക്ടർ സ്ഥലത്തെ കർഷകർക്ക് ജൈവ കൃഷി പരിശീലനം നൽകുകയും നാളിതുവരെ 1763 ക്ലസ്റ്ററിലെ 61986 കർഷകർക്ക് 20491.40 Ha സ്ഥലത്ത് PGS Green സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട് . 1286 കർഷകർക്ക് 851.44079 ഹെക്ടർ സ്ഥലത്ത് ജൈവ സർട്ടിഫിക്കേഷൻ നല്കാൻ സാധിച്ചു .

നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാർമിംഗ് പദ്ധതിയിലൂടെ സംസ്ഥാനത്ത 5100 Ha സ്ഥലത്തു നാച്ചുറൽ ഫാർമിംഗ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു, അതുപ്രകാരം 13152 കർഷകരുടെ 5100 Ha കൃഷിയിടം NMNF പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പ്രകൃതി കൃഷിയ്ക്കായുള്ള ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് KMRNF (കേരള മോഡൽ റെസ്പോൺസിബിൾ നാച്ചുറൽ ഫാർമിംഗ്) സ്കീം പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 37 BRC (Bio-Input Resource Centre) കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി പ്രകാരം പ്രൊജക്റ്റ് അടിസ്ഥാനത്തിൽ വെർമികമ്പോസ്റ്റും മറ്റ് ജൈവ ഉല്പാദനോപാധികളും നിർമിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

കൃഷിയിടത്തിനുള്ള ജൈവ സർട്ടിഫിക്കേഷന് (ഫാം സ്കോപ്പ് സർട്ടിഫിക്കറ്റ്) പുറമേ, ട്രേഡ് സ്കോപ്പ് സർട്ടിഫിക്കറ്റ്, വാല്യൂ അഡിഷൻ / പ്രോസസ്സിംഗ് സ്കോപ്പ് , മഷ്റൂം സ്കോപ്പ് ജൈവ സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവ ഉത്പന്നങ്ങൾ, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ തുടങ്ങിയവ കർഷകരിൽ നിന്ന് സംഭരിക്കുന്നതിനും ഉപഭോക്താവിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാണ് . പ്രാഥമിക ഉല്പാദകർക്ക് 10 % അധികവില , ഉല്പന്നങ്ങളുടെ ലോജിസ്റ്റിക് സംവിധാനം, Keralagro Organic / Green ബ്രാൻഡുകളിൽ ജൈവ ഉല്പന്നങ്ങളുടെ

വിപണത്തിനായുള്ള Keralagro ബ്രാൻഡഡ് സ്റ്റോറുകൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

കാർഷിക ഉത്പന്നങ്ങളുടെ വിഷാംശ അവിശിഷ്ട പരിശോധാ സംവിധാനങ്ങൾ നിലവിൽ ലഭ്യമാണ് .

**ലക്ഷ്യങ്ങൾ**

- ഏവർക്കും സുരക്ഷിത ഭക്ഷണം, പോഷക ഭക്ഷണം.
- ന്യൂട്രീഷൻ ഗാർഡനുകൾ പത്തുലക്ഷമായി ഉയർത്തും.
- ഒരു ലക്ഷം ഹെക്ടറിൽ ജൈവ കൃഷി വ്യാപനം.
- ഒരു ലക്ഷം കൃഷിയിടങ്ങൾക്ക് പി.ജി.എസ്/എൻ.പി.ഒ.പി സർട്ടിഫിക്കേഷൻ.
- കേരളഗ്രോ ജൈവ്/ കേരളഗ്രോ ഓർഗാനിക് എന്നിവ പ്രോത്സാഹിപ്പിക്കും.
- ട്രൈസബിലിറ്റി ഉറപ്പാക്കുവാൻ 100% ജൈവോൽപ്പന്നങ്ങളിലും QR കോഡ് അധിഷ്ഠിത സംവിധാനം.
- കാർഷിക ജൈവ വൈവിദ്ധ്യം സംരക്ഷിച്ച കർഷക വരുമാന വർദ്ധനവും കാലാവസ്ഥ പ്രതിരോധവും പരമ്പരാഗത വിത്തുകളുടെ സംരക്ഷണവും ഉറപ്പാക്കും.

**വെല്ലുവിളികൾ**

- പ്രകൃതി, ജൈവ , ഉത്തമ കൃഷിമുറകൾ വഴി കൃഷിചെയ്യുന്നതിനുള്ള ഗുണമേന്മ ഉറപ്പുവരുത്തിയുള്ള ഉല്പാദനോപാദികളുടെ ലഭ്യത പരിമിതമാണ് .
- സുരക്ഷിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന കർഷകനു അർഹമായ വില ലഭ്യമാക്കുവാൻ വിപണി ഇടപെടൽ ശക്തമാക്കേണ്ടതുണ്ട് .
- ഗുണനിലവാരം ഉറപ്പുവരുത്താതെ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതി .
- NPOP/PGS സർട്ടിഫൈഡ് ഉൽപ്പന്നങ്ങൾക്ക് പ്രത്യേക വിപണി ലഭിക്കാത്തത്.
- ശരിയായ സർട്ടിഫിക്കേഷൻ ഇല്ലാത്ത ഉല്പന്നങ്ങൾ മാർക്കറ്റിൽ ഉള്ളതിനാൽ ഉപഭോക്തൃ വിശ്വാസം നഷ്ടപ്പെടുന്നത്.
- ഉൽപന്നങ്ങളുടെ ട്രേസബിലിറ്റി (traceability) ഉറപ്പാക്കാനുള്ള ഡിജിറ്റൽ സംവിധാനങ്ങളുടെ കുറവ്.

**ഇടപെടലുകൾ**

- പൊതുജന അവബോധം വർദ്ധിപ്പിക്കും.
- കർഷകർക്കും, കർഷക ഗ്രൂപ്പുകൾക്കും, ഉദ്യോഗസ്ഥർക്കും സുരക്ഷിത കൃഷി

രീതികളിലുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കും. കൂടാതെ കൃഷിയോഗ്യമായ ഓരോ ചെറിയ ഭൂമിയിലും (മട്ടുപ്പാവ് ഉൾപ്പടെ) കൃഷി പ്രോത്സാഹിപ്പിക്കും .

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമതല ജൈവവൈവിധ്യ പ്രവർത്തന പദ്ധതികൾ നടപ്പാക്കും.
- ജൈവ / പ്രകൃതി കൃഷിക്കായുള്ള ഉല്പാദനോപാധികളുടെ ഗുണനിലവാരവും ആവശ്യാനുസൃതമായുള്ള ലഭ്യതയും ഉറപ്പുവരുത്തും. കൃഷിവകുപ്പിന്റെയും ഇതുമായി ബന്ധപ്പെട്ട് BOQCL പോലുള്ള മറ്റു സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തും.
- സർട്ടിഫിക്കേഷൻ നടപടികൾ ലളിതവും, സുതാര്യവും കൂടുതൽ കർഷകസൗഹൃദവും ആക്കും .
- കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും ഇതരസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നതുമായ ജൈവ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തും .
- സുരക്ഷിത ഭക്ഷണം, പോഷക ഭക്ഷണം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ പത്ത് ലക്ഷം ന്യൂട്രിഷൻ ഗാർഡനുകൾ സൃഷ്ടിക്കും.
- ഒരു ലക്ഷം ഹെക്ടറിൽ ജൈവ കൃഷി വ്യാപിപ്പിക്കും.
- ജൈവ ഇൻപുട്ട് ഉൽപ്പാദന യൂണിറ്റുകൾ പ്രൊജക്റ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കും.
- ഇ-മാർക്കറ്റിംഗ് പ്ലാറ്റ്‌ഫോം, ഫാർമേഴ്സ് മാർക്കറ്റ്, ആഗോള ഓർഗാനിക് ഫെയറുകൾ എന്നിവ വഴി വിപണി വികസിപ്പിക്കും.
- സുസ്ഥിര ജലസംരക്ഷണവും മണ്ണ് പരിപാലനവും ഉറപ്പാക്കി സമഗ്രമായ ജൈവ കൃഷി/ പ്രകൃതി കൃഷി ആക്ഷൻ പ്ലാൻ നടപ്പാക്കി ജൈവ , പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കും .
- 100000 കൃഷിയിടങ്ങൾക്ക് പി ജി എസ് / എൻ പി ഓ പി സെർട്ടിഫിക്കേഷൻ.
- വിപണി ലിങ്കേജുകൾ (Horticorp, VFPCK, Supplyco, Kudumbashree outlets) ഉറപ്പാക്കും.
- ഇ-കോമേഴ്സ് പ്ലാറ്റ്‌ഫോം, QR കോഡ് അടിസ്ഥാനത്തിലുള്ള ട്രേസ്സബിലിറ്റി സംവിധാനം ഉൾപ്പെടുത്തും.
- ദീർഘകാല ഫല വൃക്ഷങ്ങൾ നാച്ചുറൽ ഫാർമിംഗ് /ജൈവ രീതിയിൽ നട്ടു

പരിപാലിക്കും. കൂടാതെ അവയെ കൃത്യമായി ടീ –ടാഗിംഗ് നടത്തി ഡാറ്റാബേസ് ക്രോഡീകരിച്ച് സൂക്ഷിക്കും .

- AGMARK പോലുള്ള മറ്റ് സർക്കാർ ലാബുകളെ റെസിഡ്യൂ അനാലിസിസ് , ക്വാളിറ്റി ചെക്കിങ് പോലുള്ള പ്രവർത്തനങ്ങൾക്ക് സജ്ജമാക്കും .
- കാർഷിക ജൈവവൈവിധ്യം സംരക്ഷിച്ച് കർഷക വരുമാന വർധനവും കാലാവസ്ഥ പ്രതിരോധവും പരമ്പരാഗത വിത്തുകളുടെ സംരക്ഷണവും ഉറപ്പാക്കും.
- ജൈവവൈവിധ്യ ബോർഡ്, കൃഷി വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവയുടെ ഏകോപിത പ്രവർത്തന സംവിധാനം (Convergence Framework) സൃഷ്ടിക്കും.
- സംസ്ഥാനതല കാർഷിക ജൈവവൈവിധ്യ നയം (State Agrobiodiversity Policy) രൂപീകരിച്ച് നടപ്പിലാക്കും . അതിനെ ജൈവ കാർഷിക മിഷനുമായി ഏകോപിപ്പിക്കും.

## 4.7 മൂല്യവർദ്ധിത കാർഷിക മേഖല ആധാരമാക്കിയ പ്രാദേശിക സാമ്പത്തിക വികസനം

### അവസ്ഥാവിശകലനം

ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിക്കുകയും വിളവെടുപ്പാനന്തര നഷ്ടം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മൂല്യവർദ്ധിത മേഖലയിൽ കാര്യക്ഷമമായ ഇടപെടലുകളുടെ ആവശ്യകത വർദ്ധിക്കുന്നു. കർഷക വരുമാനം ഉയർത്തുവാനും വിപണിയിൽ ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുവാനും മൂല്യ വർദ്ധിത മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. മൂല്യ വർദ്ധിത കാർഷിക മിഷനും കേരള അഗ്രോ ബിസിനസ് കമ്പനിയും ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാനുള്ള സർക്കാർ ഇടപെടലുകളാണ്. കൂടാതെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, SFAC , SHM, കേരളാ കാർഷിക സർവ്വകലാശാല എന്നിവയുടെ ഇടപെടലുകളും കാര്യക്ഷമമാണ്. കേരാ പദ്ധതിയിലും മൂല്യവർദ്ധിതമേഖലയിൽ കാര്യക്ഷമമായ ഇടപെടലുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഉല്പാദനം വർദ്ധിക്കുന്നതും അതിനനുസൃതമായ വിപണി കണ്ടെത്തുവാൻ സാധിക്കാതെ വരുന്നതും വകുപ്പ് നേരിടുന്ന പ്രധാന പ്രശ്നമാണ്. മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനക്കുറവും മൂല്യവർദ്ധിത മേഖലയിലെ കാര്യക്ഷമമായ ഇടപെടലുകൾക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ട്. മേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ വരവും

സർക്കാർ കൃഷിക്കൂട്ടങ്ങൾക്ക് നൽകുന്ന പ്രോത്സാഹനവും മൂല്യവർദ്ധിത മേഖലയ്ക്ക് പുതിയ ഊർജ്ജം പകർന്നു നൽകിയിട്ടുണ്ട്. ഒരു കൃഷിഭവൻ ഒരു ഉൽപന്നം എന്ന ലക്ഷ്യവും കേരളാഗ്രോ ബ്രാൻഡും ഫലപ്രാപ്തിയിലെത്തിയതോടെ കർഷകർ , കർഷക കൂട്ടായ്മകൾ തുടങ്ങിയവർ മൂല്യ വർദ്ധിത ഉല്പന്നങ്ങളെ വരുമാനവർദ്ധനവിനുള്ള മേഖലയാക്കി തെരെഞ്ഞെടുത്തിട്ടുണ്ട്.

**വെല്ലുവിളികൾ**

മൂല്യവർദ്ധന സംബന്ധിച്ച ആധുനിക സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്, അടിസ്ഥാന സൗകര്യങ്ങളായ സംസ്കരണ യൂണിറ്റ്, കോൾഡ് സ്റ്റോറേജ്, ഡ്രയിംഗ് യൂണിറ്റ്, പാക്കിങ് യൂണിറ്റ് തുടങ്ങിയവയുടെ ലഭ്യത കുറവ്, കാര്യക്ഷമമല്ലാത്ത ലോജിസ്റ്റിക്സും വിതരണ ശൃംഖലകളും, സാമ്പത്തിക പിന്തുണയില്ലുള്ള കുറവ്, പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണി പ്രവേശനത്തിനുള്ള ബുദ്ധിമുട്ട്, ഗുണമേന്മ നിയന്ത്രണവും സെർട്ടിഫിക്കേഷൻ നടപടികളും പാലിക്കുന്നതിലുള്ള പ്രയാസങ്ങൾ, കാലാവസ്ഥ വ്യതിയാനവും ഉല്പാദന അനിശ്ചിതത്വവും മൂലമുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവ്, കർഷകരുടെ സംരംഭക മനോഭാവത്തിന്റെ കുറവ് തുടങ്ങിയവ പ്രധാന വെല്ലുവിളികളാണ്.

**ലക്ഷ്യങ്ങൾ**

- കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക
- വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കുറയ്ക്കുക:
- കയറ്റുമതി അധിഷ്ഠിത കാർഷിക ബിസിനസ് മാതൃകകൾ പ്രോത്സാഹിപ്പിക്കുക:
- തൊഴിലവസരങ്ങളും സംരംഭകത്വവും സൃഷ്ടിക്കുക:

**ഇടപെടലുകൾ**

പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും കാർഷിക മേഖലയിൽ സംരംഭകത്വ മനോഭാവം വളർത്താനും, ഓരോ കൃഷിഭവനിലും 15 മൂല്യവർദ്ധിത ഉല്പന്നം വികസിപ്പിക്കും . ഇതിനായി താഴെപ്പറയുന്ന ഇടപെടലുകൾ നടത്തും.

- സാങ്കേതിക പരിശീലനവും ശേഷിവികസനവും:
  - കർഷകരെ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം, പ്രോസസ്സിംഗ്, പാക്കേജിംഗ്, ഗുണനിലവാര നിയന്ത്രണം തുടങ്ങിയ മേഖലകളിൽ പരിശീലിപ്പിക്കും.
  - എഫ് പി ഒ-കൾക്കും കൃഷിക്കൂട്ടങ്ങൾക്കും വേണ്ടിയുള്ള പ്രത്യേക പരിശീലന

പരിപാടികൾ ആസൂത്രണം ചെയ്യും.

- കാർഷിക സർവകലാശാലകൾ, KVK-കൾ, FPO-കൾ എന്നിവയുടെ സഹകരണം ഉറപ്പാക്കും.
- 15 വിളകൾ കാർഷിക മൂല്യശൃംഖല വികസന പദ്ധതിയിൽ ഉൾപ്പെടുത്തും.
- അഗ്രോ പാർക്കുകളെ  വിളകളുടെ അടിസ്ഥാനത്തിൽ മൂല്യവർദ്ധനവിന് സാധ്യമാക്കും.
- സ്വയം പര്യാപ്തമായ  500 കർഷക ഉത്പാദക കമ്പനികൾ  (FPOs) ഉറപ്പാക്കും.
- ഓരോ അഗ്രി പാർക്കിലും പ്രോസസ്സിംഗ്, പാക്കേജിംഗ്, ലോജിസ്റ്റിക്സ്, മാർക്കറ്റിംഗ് എന്നിവയിൽ 2,000-3,000 നേരിട്ടുള്ളതും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
- PMFME, SFURTI, NABARD-RIAS, MSME പദ്ധതികളിൽ നിന്നുള്ള ധനസഹായവും സാങ്കേതിക പിന്തുണയും അഗ്രോപാർക്കുകൾ വഴി സംയോജിപ്പിക്കും.
- നാളികേര പാർക്കുകൾ (പാലക്കാട്, കാസർകോട്, കൊല്ലം) , വെജിറ്റബിൾ പാർക്ക് (ചേർത്തല, ആലപ്പുഴ), മാംഗോ പാർക്ക് (പാലക്കാട്),  ബനാന & ഹണി പാർക്ക് (തൃശ്ശൂർ) എന്നിവ പൂർണ്ണതയിലെത്തിച്ച് ഇവ കേന്ദ്രീകരിച്ചുള്ള ഇടപെടലുകൾ നടത്തും.
- KABCO-യുടെ കീഴിലുള്ള ടാസ്ക് ഫോഴ്സ് വഴി അംഗീകാരങ്ങൾ വേഗത്തിലാക്കും
- കൂടുതൽ പൊതു സംസ്കരണ സൌകര്യങ്ങൾ ( Common Processing Centres , CPCs) സ്ഥാപിക്കും.
- കളക്ഷൻ സെന്ററുകളെ അഗ്രോപാർക്കുകളുമായി ബന്ധിപ്പിക്കുന്ന ഹബ്-ആൻഡ്-സ്പോക്ക് മോഡൽ നടപ്പാക്കും .
- അഗ്രോപാർക്കുകളുമായി സംയോജിപ്പിച്ച് തുറമുഖങ്ങൾ/എയർ കാർഗോ ഹബ്ബുകളുമായി ബന്ധിപ്പിക്കുന്ന കോൾഡ് ചെയിൻ വികസിപ്പിക്കും.
- ഗുണനിലവാര നിരീക്ഷണത്തിനുള്ള IoT സിസ്റ്റങ്ങൾ ഉപയോഗിച്ച് സ്റ്റോക്ക് മാനേജ്മെന്റിനും ട്രേസ് ചെയ്യുന്നതിനും ഉള്ള ERP സംവിധാനങ്ങൾ ഒരുക്കും.

- പൊതു സ്വകാര്യ പങ്കാളിത്തവും പദ്ധതികളുടെ സംയോജനവും ഉറപ്പാക്കും.
- പിപിപി പ്രകാരം സംരംഭകർക്കുള്ള ലീസ് മോഡൽ നടപ്പിൽ വരുത്തും.

● അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ:

- ഓരോ കൃഷിഭവനും ഫെസിലിറ്റേറ്റിങ് സെന്റർ ആയി പ്രവർത്തിച്ച് ചെറുകിട പ്രോസസ്സിംഗ് യൂണിറ്റ്, ഡ്രൈയിംഗ് യൂണിറ്റ്, പാക്കേജിംഗ് സെന്റർ, എന്നിവ സ്ഥാപിക്കും.
- സംയുക്ത ഉപയോഗത്തിനായി കർഷക ക്ലസ്റ്ററുകൾ രൂപീകരിക്കും.

● ധനസഹായ സംവിധാനങ്ങൾ:

- NABARD, RKVY, SFAC, സംസ്ഥാന കൃഷി വകുപ്പ് തുടങ്ങിയ പദ്ധതികളിലൂടെ ധനസഹായം ലഭ്യമാക്കും.
- കുടുംബശ്രീ, സഹകരണ ബാങ്കുകൾ എന്നിവ മുഖേന ചെറുകിട വായ്പാ സൗകര്യങ്ങൾ ഒരുക്കും.

● വിപണനവും ബ്രാൻഡിംഗും:

- വിപണി പ്രോത്സാഹനത്തിനായി കാബ്കോയുടെ ഉടമസ്ഥതയിൽ 10 അഗ്രോപാർക്കുകൾ
- ജില്ലാ അടിസ്ഥാനത്തിൽ അഗ്രി ബിസിനസ് സെന്ററുകൾ .
- ഒരു കൃഷി ഭവൻ 15 മൂല്യവർധിത ഉത്പന്നങ്ങൾ വഴി 15000 ബ്രാൻഡഡ് ഉത്പന്നങ്ങൾ
- ഓരോ കൃഷിഭവനിലെയും ഉൽപ്പന്നങ്ങൾ ഏകീകൃത ബ്രാൻഡ് ആയ കേരളഗ്രോ ബ്രാൻഡിന്റെ പേരിൽ വികസിപ്പിക്കും.
- എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ വിപണന കിയോസ്ക് .
- ഭക്ഷ്യസുരക്ഷയിലും കാർഷിക ബിസിനസ് വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന കേരള കാലാവസ്ഥാ പ്രതിരോധ കാർഷിക മൂല്യശൃംഖല ആധുനികവൽക്കരണം (KERA) യുടെ പിന്തുണ.
- കാബ്കോയുടെ നേതൃത്വത്തിൽ 50 അന്താരാഷ്ട്ര ബിസിനസ് മീറ്റുകളിൽ പങ്കാളിത്തം

- 10000 കോടിയുടെ അന്താരാഷ്ട്ര ബിസിനസ്
- ഇ-മാർക്കറ്റിംഗ്, ഫാർമേഴ്സ് മാർക്കറ്റ്, ഹരിത വിപണി തുടങ്ങിയവ വഴി വിപണി വിപുലപ്പെടുത്തും.
- B2B കൂടിക്കാഴ്ചകളുടെ എണ്ണം വർദ്ധിപ്പിക്കും.
- കേരളഗ്രോ ജൈവോൽപ്പന്നങ്ങൾക്ക് ഉയർന്ന വിലയും പ്രത്യേക വിപണിയും
- പ്രദർശനങ്ങൾ, എക്സിബിഷനുകൾ, VAIGA തുടങ്ങിയ പരിപാടികളിലൂടെ ഉൽപ്പന്നങ്ങൾ പ്രമോട്ട് ചെയ്യും.
- വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുവാനുള്ള ഊർജ്ജിതമായ നടപടി.

● ഗുണമേന്മയും സർട്ടിഫിക്കേഷനും:

- ഉൽപ്പന്നങ്ങൾക്ക് FSSAI ലൈസൻസ്, ഗുണമേന്മാ സർട്ടിഫിക്കറ്റ്, ബാർകോഡ് തുടങ്ങിയവ ഉറപ്പാക്കും.
- ഗുണനിലവാര പരിശോധനയ്ക്കായി ലബോറട്ടറി സഹായം ഒരുക്കും.

● നിരീക്ഷണവും മൂല്യനിർണ്ണയ സംവിധാനവും:

- സുതാര്യത, നിരീക്ഷണം, തീരുമാനമെടുക്കൽ എന്നിവയ്ക്കായി ശക്തമായ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്) നടപ്പിലാക്കും.
- ഓരോ കൃഷിഭവനിലെയും പ്രവർത്തനങ്ങളെ കൃത്യമായി വിലയിരുത്തി മികച്ച മാതൃകകൾ മറ്റ് മേഖലകളിൽ പ്രചരിപ്പിക്കും.

## 4.8. കാർഷിക മേഖലയിലെ വന്യമൃഗ ശല്യം.

### അവസ്ഥാവിശകലനം

കേരളത്തിന്റെ വനവിസ്തൃതി ഏകദേശം 11521.813 ചതുരശ്ര കിലോമീറ്ററാണ്, ഇത് സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.65% ആണ്. സമീപ വർഷങ്ങളിൽ കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇക്കാരണത്താൽ വനാതിർത്തിയിലെ കൃഷിയിടങ്ങളിൽ കൃഷി ചെയ്യുന്നതിൽ നിന്ന് കർഷകർ പിന്മാറുന്ന സാഹചര്യമുണ്ടായി. സംഘർഷങ്ങൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പ് സോളാർ വേലി, ആന പ്രതിരോധ കിടങ്ങുകൾ എന്നിവയുൾപ്പെടെ നിരവധി

ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന പദ്ധതിയിലും RKVY യിലും ഉൾപ്പെടുത്തി 44.66 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തുടർച്ചയായ സംരക്ഷണത്തിന് സംയോജിത പ്രതിരോധ പ്രവർത്തനങ്ങളും നൂതനാശയങ്ങളും തത്സമയ നിരീക്ഷണവും ഉൾപ്പെടുന്ന കൂടുതൽ സമഗ്രമായ സമീപനം ആവശ്യമാണ്.

**ലക്ഷ്യങ്ങൾ**

- ആധുനിക സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ പദ്ധതികൾ അവലംബിച്ച് കൃഷിയിടം സംരക്ഷിക്കുക.
- വനാതിർത്തികളിൽ വന്യമൃഗങ്ങളെ ആകർഷിക്കാത്ത തരത്തിലുള്ള വിളകളെ പ്രോത്സാഹിപ്പിക്കുക.

**വെല്ലുവിളികൾ**

- മൃഗങ്ങളുടെ എണ്ണം, സംഘർഷങ്ങളുടെ ആനുകാലികത, സംഘർഷ സാധ്യതകൾ, മൃഗങ്ങളുടെ സഞ്ചാരം എന്നിവയെക്കുറിച്ചുള്ള ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ നയരൂപീകരണത്തിനും പദ്ധതി രൂപീകരണത്തിനും അപര്യാപ്തമാണ്.
- ആന, കാട്ടുപന്നി ആക്രമണം മൂലം അപകടങ്ങൾ വർദ്ധിക്കുന്നു.
- വൈദ്യുതി വേലികൾ, ബയോഫെൻസുകൾ, അലാറം സംവിധാനങ്ങൾ തുടങ്ങിയവ എല്ലായിടത്തും നിലവിലില്ല.
- മൃഗങ്ങളിൽ നിന്ന് തുടർച്ചയായ സംരക്ഷണത്തിന് ഒന്നിലധികം പരിഹാരങ്ങൾ ആവശ്യമായി വരുന്നു.

**ഇടപെടലുകൾ**

- 75% കൃഷിയിടങ്ങൾ വന്യമൃഗ ശല്യത്തിൽ നിന്നും സംരക്ഷിക്കും . ഇതിനായി സോളാർ റിപ്പല്ലന്റ്, എ ഐ അധിഷ്ഠിത മോണിറ്ററിങ് എന്നിവയ്ക്കായി സ്റ്റാർട്ട് അപ്പുകളുടെ സഹായത്തോടെ പദ്ധതി പൂർത്തീകരിക്കും
- കേര പദ്ധതിയോട് സംയോജിപ്പിച്ച് റിയൽ ടൈം അലെർട് ആപ്പ് സംവിധാനം സാധ്യമായ പ്രദേശങ്ങളിൽ നടപ്പാക്കും.
- വന്യമൃഗശല്യം മൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരം വർദ്ധിപ്പിക്കും.
- വന്യജീവി ആക്രമണങ്ങൾക്ക് എതിരെ വിളകൾക്ക് സമ്പൂർണ ഇൻഷുറൻസ് സംവിധാനങ്ങൾ നടപ്പാക്കും.
- വനം വന്യ ജീവി വകുപ്പ് മുഖേന കൃഷിയിടവുമായി ചേർന്നുള്ള വനാതിർത്തികളിൽ. ലെമൺ ഗ്രാസ്, കൈത പോലുള്ള തൈകൾ നടുന്നത് പ്രോത്സാഹിപ്പിക്കും.

- ഡ്രോൺ, സെൻസർ, GPS ട്രാക്കിംഗ്, AI ക്യാമറകൾ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ ചലനങ്ങൾ നിരീക്ഷിക്കുന്നതിനും മൊബൈൽ ആപ്പുകൾ, വാർത്താ അലേർട്ട് സിസ്റ്റങ്ങൾ തുടങ്ങിയവ വഴി വന്യമൃഗാക്രമണം മുൻകൂട്ടി അറിയിക്കുന്നതിനും, GIS മാപ്പിംഗ് വഴി വന്യമൃഗ സഞ്ചാര മേഖലകൾ നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കും.

- വന്യമൃഗ ശല്യം തടയുവാനായി ആധുനിക സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ "സമഗ്രമലയോര കൃഷിയിട സംരക്ഷണ പദ്ധതി" നടപ്പാക്കും. ഇതിനായി നബാർഡ് സഹകരണത്തോടെ 1000 കോടി രൂപംചെലവിൽ, 10 വർഷം ദൈർഘ്യമുള്ള പദ്ധതിയും RKVY പദ്ധതിയിൽ നിന്നും പ്രതിവർഷം 50 കോടി രൂപയും കണ്ടെത്തും.

## 4.9. കൃഷിക്കൂട്ടങ്ങൾ

**അവസ്ഥാ വിശകലനം**

കേരളത്തിന്റെ പ്രത്യേക കാർഷിക സാഹചര്യങ്ങളായ തുണ്ടുവൽക്കരിക്കപ്പെട്ട ഭൂമി, സമ്മിശ്ര കൃഷി രീതി, ഉയർന്ന കൂലി ചെലവ്, തൊഴിലാളി ദൗർലഭ്യത, ഭൂമി തരിശ് ഇടുന്ന പ്രവണത തുടങ്ങിയവയെ മറികടക്കുന്നതിന് വേണ്ടി തദ്ദേശീയ കാർഷിക ഉത്പാദനം, മൂല്യവർധനം, വിപണനം തുടങ്ങിയ മേഖലകളിൽ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് ആരംഭിച്ചതാണ് കൃഷിക്കൂട്ടങ്ങൾ. കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാൽ ഉൽപ്പാദന നഷ്ടം കുറയ്ക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കൃഷിക്കൂട്ടങ്ങളിലൂടെ സാദ്ധ്യമാക്കുന്നു.

കൃഷിക്കൂട്ട രൂപീകരണത്തിന്റെ ലക്ഷ്യത്തിലെത്തിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിലുള്ള കൃഷിക്കൂട്ടങ്ങളുടെ എണ്ണം പരിമിതമാണ്. സ്ത്രീകളും യുവാക്കളും സജീവ പങ്കാളികളാകുന്ന തരത്തിൽ കാർഷിക മേഖലയോട് താല്പര്യമുള്ള എല്ലാവിഭാഗങ്ങളേയും ഉൾപ്പെടുത്തി കൂടുതൽ കൃഷിക്കൂട്ടങ്ങളുടെ രൂപീകരണം കൂട്ടായ്മകൾ സൃഷ്ടിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അനിവാര്യമായിരിക്കുന്നു. സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നത് സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടുത്തുകയും **കാർഷിക സംരംഭകത്വത്തിന്** വഴിതെളിക്കുകയും ചെയ്യും. **നവീന കൃഷി രീതികളിൽ സ്ത്രീ-യുവ കൃഷിക്കൂട്ടങ്ങൾ** രൂപപ്പെടുത്തുന്നത് ഉൽപ്പാദനക്ഷമതയും മൂല്യവർദ്ധനവും വർദ്ധിപ്പിക്കും.

സംസ്ഥാനത്തെ തദ്ദേശ സ്ഥാപന തലത്തിൽ നിലവിൽ 23,568 കൃഷിക്കൂട്ടങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ഉൽപ്പാദന മേഖലയിൽ 19,509 എണ്ണവും, മൂല്യവർദ്ധിത മേഖലയിൽ 2,633 എണ്ണവും, സേവന മേഖലയിൽ 1,426 എണ്ണവും ഉൾപ്പെടുന്നു. ഉത്പാദന മേഖലയിലെ കൃഷികൂട്ടങ്ങൾ കാർഷിക ഉൽപാദനവും ഉത്പാദന ക്ഷമതയും

വർദ്ധിപ്പിക്കുമ്പോൾ മൂല്യവർദ്ധിത കൃഷികൂട്ടങ്ങൾ അധിക ഉത്പാദനം ഫലപ്രദമായി കൈകാര്യം ചെയ്ത് വരുമാനം ഉയർത്തുന്നു. ഈ രണ്ടു മേഖലകളിലേയും കൃഷി കൂട്ടങ്ങളെ പിന്തുണയ്ക്കാൻ സേവന മേഖലയിലുള്ള കൃഷിക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നു. തദ്ദേശ സ്ഥാപന തലത്തിൽ കൃഷിക്കൂട്ടങ്ങളുടെ ഏകോപനം ഉറപ്പാക്കാൻ ഫെഡറേഷൻ രൂപീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സേവന മേഖല കൃഷിക്കൂട്ടങ്ങൾ മുഖേന 2,345 മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും, അതിൽ 149 ഉൽപ്പന്നങ്ങൾക്ക് "കേരളഗ്രോ" ബ്രാൻഡിംഗ് ലഭ്യമാക്കുകയും ചെയ്തു.

**ലക്ഷ്യങ്ങൾ**

- കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കൃഷികൂട്ടങ്ങളുടെ എണ്ണം 50000 ആയി ഉയർത്തുക.
- മൂല്യവർദ്ധനവ് മേഖലയിൽ സുസജ്ജമായ 2000 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുക.
- നവീന കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്ത്രീകൾക്കും യുവാക്കൾക്കും പ്രത്യേക കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുള്ള കൃഷിക്കൂട്ട ഫെഡറേഷൻ പൂർണ്ണമാക്കുക.
- വാർഡുതല പഞ്ചായത്ത് തല ബ്ലോക്ക് തല ഉത്പാദന വിള നിർണ്ണയ വിപണന പ്ലാൻ മുൻകൂട്ടി ആസൂത്രണം ചെയ്ത് അതു പ്രകാരമുള്ള ഉൽപാദനം ഉറപ്പാക്കുക .
- സംസ്ഥാനത്ത് കൃഷിക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് 250 പുതിയ FPO കൾ രൂപീകരിക്കുക.

**<u>വെല്ലുവിളികൾ</u>**

- നൂതന കൃഷി രീതി, പ്രോസസ്സിംഗ് സാങ്കേതികവിദ്യ എന്നിവയിലെ പരിജ്ഞാനക്കുറവ്
- ലൈസൻസിംഗ്, ബ്രാൻഡിംഗ്, ഗുണനിലവാര മാനദണ്ഡങ്ങൾ എന്നിവയിലെ ബുദ്ധിമുട്ടുകൾ വിപണി പ്രവേശനത്തെ പരിമിതപ്പെടുത്തുന്നു.
- വിപണി വിലസ്ഥിരതയില്ലായ്മ, വിപണി ബന്ധങ്ങളുടെ കുറവ്, മൂലധന ക്ഷാമം, പ്രാരംഭ പരിചയക്കുറവ്

**ഇടപെടലുകൾ**

- തദ്ദേശ സ്ഥാപനത്തിലെ വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന ഉൽപാദന, മൂല്യവർദ്ധന സേവന മേഖലകളിലുള്ള കൃഷിക്കൂട്ടങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

- തദ്ദേശതല ഫെഡറേഷനുകൾ രൂപപ്പെടുത്തി സംഘടനാത്മക ഏകോപനം, സാങ്കേതിക പരിജ്ഞാന കൈമാറ്റം, വിപണി ബന്ധം, നയ രൂപീകരണ പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നു. കർഷകരെ കൂട്ടായ്മകളിലേക്ക് ആകർഷിക്കാൻ അവബോധ പ്രവർത്തനങ്ങളും ലക്ഷ്യബദ്ധമായ പരിശീലനങ്ങളും നടത്തും.
- ജില്ല-ബ്ലോക്ക് തലങ്ങളിൽ നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തി, മികച്ച കൂട്ടായ്മകൾക്ക് പ്രോത്സാഹനങ്ങളും സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ഒരുക്കും.
- ഉൽപ്പാദന കൃഷിക്കൂട്ടങ്ങൾ കാർഷിക ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർധിപ്പിക്കുമ്പോൾ, മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങൾ അധിക ഉൽപ്പാദനത്തെ പ്രോസസ്സിംഗ്, പാക്കേജിംഗ്, ബ്രാൻഡിംഗ് തുടങ്ങിയ മാർഗങ്ങളിലൂടെ മൂല്യം കൂട്ടി കർഷകരുടെ വരുമാനം വർധിപ്പിക്കും.
- വികസന സാധ്യതയുള്ള 2000 മൂല്യവർധിത കൃഷിക്കൂട്ടങ്ങളെ സംസ്കരണത്തിലും വിപണനത്തിലും നൈപുണ്യ പരിശീലനം നൽകി പ്രാപ്തരാക്കും.
- നവീന കൃഷി (Precision farming, Hydroponics, Vertical farming, Hi-tech Cultivation) രീതികളിൽ സ്ത്രീ-യുവ കൃഷിക്കൂട്ടങ്ങൾ രൂപപ്പെടുത്തും.
- ഹൈടെക് കൃഷി, ഓർഗാനിക് ഫാർമിംഗ്, മൈക്രോ എന്റർപ്രൈസുകൾ, അഗ്രോ പ്രോസസ്സിംഗ് തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പാക്കും.
- വാർഡ് തലത്തിൽ പ്രധാന വിളകൾ, ഉൽപ്പാദനം, വിപണി ആവശ്യകത തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി സമഗ്ര കാർഷിക ഡാറ്റാബേസ് രൂപപ്പെടുത്തും.
- വാർഡ്, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ ഉൽപ്പാദന-വിപണന കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ഏകോപിപ്പിക്കും. തദ്ദേശ പദ്ധതികളിൽ കാർഷിക മേഖലക്ക് മുൻഗണന നൽകി, പഞ്ചായത്തു ഫെഡറേഷനുകൾ മുഖേന സംയുക്ത മാർക്കറ്റിംഗ് സംവിധാനവും ഓൺലൈൻ വിപണി ബന്ധങ്ങളും ശക്തിപ്പെടുത്തും.
- മൂല്യവർധന യൂണിറ്റുകൾ, FPO കൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുമായി സഹകരണം ഉറപ്പാക്കി കോൾഡ് ചെയിൻ, സംഭരണം, വിതരണം തുടങ്ങിയ സൗകര്യങ്ങളും ഡിജിറ്റൽ വിപണി സംവിധാനവും വികസിപ്പിക്കും.

- FPO രൂപീകരണത്തിന് ഘട്ടംഘട്ടമായ മാർഗരേഖ തയ്യാറാക്കുകയും കൃഷിക്കൂട്ടങ്ങളെ കേന്ദ്രീകരിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള രൂപീകരണം നടത്തുകയും ചെയ്യും. FPO രൂപീകരണത്തിൽ SFAC നേതൃത്വ പങ്കാളിയായിരിക്കും.
- SAMETI, KVK, ATMA എന്നിവയുടെ സഹായത്തോടെ ബിസിനസ് മാനേജ്മെന്റ്, അക്കൗണ്ടിംഗ്, മാർക്കറ്റിംഗ്, ബ്രാൻഡിംഗ് മേഖലകളിൽ പരിശീലനം നൽകും.
- സ്ത്രീ-യുവ കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന Women & Youth Agri Innovation Schemes നടപ്പിലാക്കും.
- ഡിജിറ്റൽ സംവിധാനങ്ങളിലൂടെ FPO കളുടെ e-platform integration, data tracking, monitoring system നടപ്പാക്കും.

## 4.10 നൂതന സാങ്കേതിക വിദ്യാധിഷ്ഠിത കൃഷി

**അവസ്ഥാവിശകലനം**

കേരളത്തിൽ ഡ്രോൺ സാങ്കേതിക വിദ്യയുടെ കാർഷിക മേഖലയിലെ ഉപയോഗം ഇപ്പോഴും പ്രാരംഭഘട്ടത്തിലാണ്. വളം, മൈക്രോ ന്യൂട്രിയന്റ് സ്പ്രേ, കീടനാശിനി സ്പ്രേ, വിത്ത് വിതയ്ക്കൽ (Seed Broadcasting), വിള നിരീക്ഷണം, രോഗനിരീക്ഷണം എന്നിവയ്ക്ക് ഡ്രോൺ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നു.

കേരളത്തിൽ ഹൈഡ്രോപോണിക് കൃഷി ഇപ്പോൾ കൂടുതൽ പ്രചാരം നേടിക്കൊണ്ടിരിക്കുകയാണ്. വിവിധ സംരംഭകരും യുവ കർഷകരും ഹൈടെക് കൃഷിയുടെ ഭാഗമായി ഹൈഡ്രോപോണിക് രീതികൾ സ്വീകരിച്ച് മികച്ച വിളവെടുപ്പ് കൈവരിച്ചുവരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ–കേരള അടക്കമുള്ള സർക്കാർ ഏജൻസികൾ ഇതിന് ധനസഹായവും സാങ്കേതിക പിന്തുണയും നൽകി വരുന്നു.

പ്രിസിഷൻ ഫാമിംഗ് വഴി ഉത്പാദനക്ഷമത വർധിക്കുകയും ചെലവ് കുറയുകയും പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കപ്പെടുകയും ചെയ്യും. ഡ്രോൺ, സെൻസർ, ജിപിഎസ്, ഓട്ടോമേഷൻ തുടങ്ങിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, കർഷകർക്ക് കൃത്യമായ കൃഷിമുറകൾ തെരഞ്ഞെടുക്കുവാനും കാലാവസ്ഥാ വ്യതിയാനങ്ങൾ നേരിടാനും പ്രിസിഷൻ ഫാമിംഗ് സഹായിക്കുന്നു.

കാർഷിക സേവനങ്ങൾ കർഷകരിൽ എത്തിക്കാനായി "കതിർ" എന്ന ഓൺലൈൻ സംവിധാനം കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഉപദേശക സേവനങ്ങൾ, മണ്ണ് പരിശോധന സംവിധാനം, കാർഷിക ഉപകരണങ്ങൾ, വിത്തുകൾ, തൈകൾ, വളങ്ങൾ

എന്നിവയുടെ ലഭ്യത, വിപണി സംവിധാനം തുടങ്ങിയവ കതിർ ആപ്പിലൂടെ കർഷകരിലെത്തും.

കൃഷിയിൽ ജല കാര്യക്ഷമതയും കാലാവസ്ഥ പ്രതിരോധവും നടപ്പിലാക്കുന്നതിന് മൈക്രോ ഇറിഗേഷൻ / ഫെർട്ടിഗേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിലെ ആകെ ജലസേചിത വിസ്തൃതി 389794 ഹെക്ടറും സൂക്ഷ്മ ജലസേചന വിസ്തൃതി 3421 ഹെക്ടറും ഓട്ടോമേറ്റഡ് ജലസേചിത വിസ്തൃതി 27 .72 ഹെക്ടറും ആണ്.

ഒരു കൃഷിയിടത്തിൽ നിന്ന് പരമാവധി ഉത്പാദനം ലഭ്യമാക്കുന്നതിന് യോജിച്ച ഫാം പ്ലാൻ അധിഷ്ഠിത വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബഹുവിള കൃഷി സമ്പ്രദായം, സംരക്ഷിത കൃഷി രീതി വഴി ചെറിയ സ്ഥലങ്ങളിൽ ഉയർന്ന മൂല്യമുള്ള പച്ചക്കറികൾ / പഴവർഗ്ഗങ്ങൾ, ഇല വർഗ്ഗങ്ങൾ/ അലങ്കാര സസ്യങ്ങൾ/ തുടങ്ങിയവയുടെ വിപണി ആവശ്യത്തിനനുസൃതമായ കൃഷി, കൃത്യമായ വിപണിബന്ധം സ്ഥാപിക്കൽ, എന്നിവ പ്രോത്സാഹിപ്പിച്ച് കൂടുതൽ വരുമാനം ഉറപ്പ് വരുത്തുന്നുണ്ട്.

**<u>ലക്ഷ്യങ്ങൾ</u>**

- ഡ്രോൺ അധിഷ്ഠിത കൃഷി പ്രോത്സാഹിപ്പിക്കുക.
- ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ് എന്നിവ വഴി ഉത്പാദനക്ഷമതയിൽ 50% വർദ്ധനവ്
- ഫെർട്ടിഗേഷൻ വഴി കൃത്യത കൃഷിയിൽ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുക.
- സാധ്യമായ പ്രദേശങ്ങളിലെല്ലാം യന്ത്രവൽക്കരണം.
- വരുമാനം ഉറപ്പാക്കുന്ന കൃഷി രീതി (Income Assured Agriculture) പ്രോത്സാഹിപ്പിക്കുക.
- സെൻസറുകളുടെ ഉപയോഗം 20% കൃഷിയിടങ്ങളിൽ നടപ്പാക്കുക.
- കൃഷി വകുപ്പിലെ എല്ലാ ഡിജിറ്റൽ സേവനങ്ങളും കതിർ ആപ്പ് വഴി
- കൃഷി ഉദ്യോഗസ്ഥർ പൂർണമായും കൃഷിയിടത്തിൽ. ഡിജിറ്റൽ സംവിധാനങ്ങൾ വഴി പരിഹാരം
- ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൃഷിയിടം വിലയിരുത്തി ധനസഹായ വിതരണം

**വെല്ലുവിളികൾ**

- ഡ്രോൺ പ്രയോഗവുമായി ബന്ധപ്പെട്ട് DGCA അംഗീകൃത പൈലറ്റുകളുടെ കുറവ്, ലൈസൻസിംഗ്, അനുമതി പ്രക്രിയയുടെ കാല ദൈർഘ്യം, പരിശീലന സൗകര്യങ്ങളുടെ അഭാവം, കർഷകരുടെ പരിമിതമായ സാങ്കേതിക പരിജ്ഞാനം.

- ഹൈഡ്രോപോണിക് കൃഷിയുമായി ബന്ധപ്പെട്ട് പ്രാരംഭ ഘട്ടത്തിൽ ആവശ്യമായ നിക്ഷേപച്ചെലവ് വളരെ കൂടുതലാണെന്നത് പ്രധാന പ്രശ്നമായി കാണപ്പെടുന്നു. ഈ സാങ്കേതിക വിദ്യയ്ക്ക് ആവശ്യമായ പരിശീലനവും വിദഗ്ധപരിചയവും കുറവാണ്. ആവശ്യമായ ഉപകരണങ്ങൾ, പോഷകദ്രാവകങ്ങൾ, സെൻസറുകൾ തുടങ്ങിയവയുടെ ലഭ്യതയും ചെലവും മറ്റൊരു വെല്ലുവിളിയാണ്.
- IoT അധിഷ്ഠിത ഓട്ടോമേഷൻ, സൗരോർജ്ജ പമ്പിംഗ് യൂണിറ്റുകൾ തുടങ്ങിയ നൂതന സംവിധാനങ്ങളുടെ അപര്യാപ്തത .
- നൂതന കാർഷിക യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിമിതമായ സാങ്കേതിക ജ്ഞാനം.

**ഇടപെടലുകൾ**

- 5 ലക്ഷം ഹെക്ടർ കൃഷിഭൂമിയിൽ ഡ്രോൺ അധിഷ്ഠിത കൃഷി പ്രോത്സാഹിപ്പിക്കും. ഇതിനായി 10000 കർഷകർക്ക് പരിശീലനം, 10000 ഡ്രോൺ പൈലറ്റ് ലൈസൻസ്, ബ്ലോക്ക് തല ഡ്രോൺ സേവന കേന്ദ്രങ്ങൾ എന്നിവ സാധ്യമാക്കും.
- ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് , അക്വാപോണിക്സ് എന്നിവ വഴി ഉത്പാദനക്ഷമതയിൽ 50% വർദ്ധനവ്
- ഫെർട്ടിഗേഷൻ വഴി കൃത്യത കൃഷിയിൽ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നു.
- സാധ്യമായ പ്രദേശങ്ങളിലെല്ലാം യന്ത്രവൽക്കരണം.
- വരുമാനം ഉറപ്പാക്കുന്ന കൃഷി രീതി (Income Assured Agriculture) പ്രോത്സാഹിപ്പിക്കും
- സെൻസറുകളുടെ ഉപയോഗം 20% കൃഷിയിടങ്ങളിൽ നടപ്പാക്കും.
- കൃഷി വകുപ്പിലെ എല്ലാ ഡിജിറ്റൽ സേവനങ്ങളും കതിർ ആപ് വഴി
- കൃഷി ഉദ്യോഗസ്ഥർ പൂർണമായും കൃഷിയിടത്തിൽ. ഡിജിറ്റൽ സംവിധാനങ്ങൾ വഴി പരിഹാരം
- ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൃഷിയിടം വിലയിരുത്തി ധനസഹായ വിതരണം
- 500 അഗ്രിടെക് സ്റ്റാർട്ട് അപ്പുകൾ

## 4.11. കാർഷിക യന്ത്രവൽക്കരണവും സാങ്കേതിക പരിഷ്കാരവും

### അവസ്ഥാവിശകലനം

കേരളത്തിലെ കാർഷിക യന്ത്രവൽക്കരണം മിതമായ നിലവാരത്തിലാണ്. കേരളത്തിൽ 131473 യൂണിറ്റ് യന്ത്രങ്ങൾ, 492 സേവന കേന്ദ്രങ്ങൾ, 3754 പരിശീലനം ലഭിച്ച

ഓപ്പറേറ്റർമാർ ആണുള്ളത്. യന്ത്രവൽക്കരണം ഇനി പരമ്പരാഗത യന്ത്രങ്ങളുടെ പരിധിയിലല്ല. കൃത്രിമ ബുദ്ധി (AI), സെൻസർ സാങ്കേതികവിദ്യ, ഇലക്ട്രിക് ട്രാക്ടറുകൾ, IoT, ഡാറ്റ അനലിറ്റിക്സ് തുടങ്ങിയ നവീന സാങ്കേതിക വിദ്യകൾ കാർഷികമേഖലയെ കാര്യക്ഷമതയിലേക്കും സുസ്ഥിരതയിലേക്കും നയിക്കുന്നു.

**വെല്ലുവിളികൾ**

- യന്ത്രങ്ങളുടെ വിലയും പ്രവർത്തനച്ചെലവും കൂടുതലാണ്.
- സാങ്കേതിക പരിശീലനം പരിമിതമാണ് .
- മെക്കാനിക് പരിശീലനം, പരിപാലന ശൃംഖല പരിമിതമാണ്.
- AI, IoT, സെൻസർ സാങ്കേതികവിദ്യയുടെ പ്രയോഗം മന്ദഗതിയിലാണ്.
- ഇലക്ട്രിക് ട്രാക്ടറുകൾ, ആധുനിക ഉപകരണങ്ങൾ തുടങ്ങിയവയുടെ ലഭ്യത കുറവാണ്.
- കൊയ്ത്തിനുശേഷമുള്ള മൂല്യവർദ്ധനയ്ക്കുള്ള യന്ത്രങ്ങൾ പരിമിതമാണ്.

**ഇടപെടലുകൾ**

- ഓരോ ജില്ലയിലും കുറഞ്ഞത് 1 യന്ത്ര സേവന-പരിപാലന ഹബ്ബ്
- 8000 പരിശീലനം ലഭിച്ച ഓപ്പറേറ്റർമാരെ സൃഷ്ടിക്കും
- 1000 പരിശീലനം ലഭിച്ച മെക്കാനിക്കുകളെ സൃഷ്ടിക്കും
- ഉൽപ്പാദനക്ഷമത 25-30% വർദ്ധിപ്പിക്കും.
- കൃഷി ചെലവ് 25-30% കുറയ്ക്കും.
- യന്ത്രങ്ങളുടെ ആയുസ്സ് 30% വർദ്ധിപ്പിക്കും.

- കാർഷിക ഡാറ്റ അധിഷ്ഠിത നിരീക്ഷണം വഴി നയനിർമ്മാണത്തിൽ കൃത്യത വരുത്തും.

- വിളവെടുപ്പാനന്തര മൂല്യവർദ്ധന വഴി കർഷകരുടെ വരുമാനം ഇരട്ടിയാക്കും .

- യുവജന-വനിതാ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കും .

- ഇലക്ട്രിക് യന്ത്രങ്ങൾ മുഖേന കാർബൺ ഫുട്പ്രിന്റ് കുറയ്ക്കും.

## 4.12 വരുമാനം ഉറപ്പാക്കുന്ന കൃഷി രീതി (Income Assured Agriculture)

സാങ്കേതിക വിദ്യകളാൽ അധിഷ്ഠിതമായ കൃഷി രീതി പ്രോത്സാഹിപ്പിച്ച് ഒരു കൃഷിയിടത്തിൽ നിന്ന് പരമാവധി ഉത്പാദനം ഉറപ്പാക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഉല്പാദനം , ഉല്പാദന ക്ഷമത , വിപണി തുടങ്ങിയവ മുൻകൂട്ടി നിശ്ചയിച്ച് അതിനനുസൃതമായ ഇടപെടലുകൾ പ്രോട്ടോക്കോളുകൾ നിശ്ചയിച്ച് ഉറപ്പാക്കുന്നു. കാര്യക്ഷമമായ ഇടപെടലുകൾ നിരീക്ഷണത്തിലൂടെ സെൻസറുകൾ വഴി കണ്ടെത്തിയിട്ടും വരുമാനത്തിൽ കുറവ് രേഖപ്പെടുത്തിയാൽ കർഷകന് നഷ്ടപരിഹാരം ലഭ്യമാക്കുന്നു. സംരക്ഷിത കൃഷി രീതി വഴി ചെറിയ സ്ഥലങ്ങളിൽ ഉയർന്ന മൂല്യമുള്ള പച്ചക്കറികൾ / പഴവർഗ്ഗങ്ങൾ, ഇല വർഗ്ഗങ്ങൾ/ അലങ്കാര സസ്യങ്ങൾ/ തുടങ്ങിയവയുടെ വിപണി അനുസൃതമായ കൃഷി, കൃത്യമായ വിപണിബന്ധം സ്ഥാപിക്കൽ, കൃഷിയിടം സെൻസറുകളാൽ സജ്ജമാക്കൽ എന്നിവ പ്രോത്സാഹിപ്പിച്ച് ഉല്പാദനം , ഉല്പാദന ക്ഷമത , വരുമാനം തുടങ്ങിയവ ഉറപ്പ് വരുത്താം. ഇതിനായി വിവിധ പദ്ധതികൾ സംയോജിപ്പിക്കുകയും അവശ്യ സമയത്ത് സാങ്കേതിക അറിവും ഉപദേശവും ലഭ്യമാക്കുകയും വേണം.

**ഇടപെടലുകൾ**

- സെൻസറുകളുടെ ഉപയോഗം 20% കൃഷിയിടങ്ങളിൽ നടപ്പാക്കും.
- കൃഷി വകുപ്പിലെ എല്ലാ ഡിജിറ്റൽ സേവനങ്ങളും കാർഷിക സേവനങ്ങൾക്കായുള്ള ഓൺലൈൻ സംവിധാനമായ കതിർ ആപ്പ് വഴി .
- കൃഷി ഉദ്യോഗസ്ഥർ പൂർണമായും കൃഷിയിടത്തിൽ. ഡിജിറ്റൽ സംവിധാനങ്ങൾ വഴി പരിഹാരം

- ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൃഷിയിടം വിലയിരുത്തി ധനസഹായ വിതരണം.

- കർഷകരുടെ കൃഷിയിടങ്ങളിലെ യഥാർത്ഥ പ്രശ്നങ്ങൾക്ക് (Problem Statements) പരിഹാരം കാണുന്നതിനായി 150 അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾ .

## 4.13 കർഷക ക്ഷേമ പരിപാടികൾ

### അവസ്ഥാവിശകലനം

കാലാവസ്ഥ വ്യതിയാനം കാർഷിക മേഖലയെ സാരമായി ബാധിക്കുന്ന ഈ കാലഘട്ടത്തിൽ വിള ഇൻഷുറൻസ് പദ്ധതി അത്യന്താപേക്ഷിതമാണ്. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകാനുള്ള സാധ്യതകൾ നിലനില്ക്കുന്നത് കർഷകന്റെ സുസ്ഥിര വരുമാന ലഭ്യതയ്ക്ക് ഒരു വെല്ലുവിളിയാണ്. കർഷകന്റെ നിയന്ത്രണത്തിന് അപ്പുറമുള്ള കാര്യങ്ങൾ വഴി കൃഷിനാശം സംഭവിച്ചാൽ കൃഷിക്കാരന് ഒരു കൈത്താങ്ങ് ആകുന്നത് വിള ഇൻഷുറൻസ് വഴി ലഭിക്കുന്ന നഷ്ടപരിഹാരമാണ്. നിലവിൽ പ്രധാനപ്പെട്ട 27 വിളകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ വ്യാപകമായി കൃഷി ചെയ്തു വരുന്ന എക്സോട്ടിക് ഫലവർഗ്ഗ വിളകളെ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

നല്ലൊരു ശതമാനം കർഷകർ പദ്ധതിയിൽ അംഗങ്ങളാകുന്നുണ്ടെങ്കിലും ഏതൊക്കെ വിളകൾക്ക് പരിരക്ഷ ലഭിക്കുന്നുവെന്നും, പ്രീമിയം തുക, നഷ്ടപരിഹാരത്തുക, എപ്പോൾ അപേക്ഷിക്കണം, എങ്ങിനെ അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കണം എന്നി കാര്യങ്ങളെക്കുറിച്ചുള്ള അവബോധം കുറവായി കാണുന്നു. ഇതിനാൽ അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം നേരിടുന്നു. കേരളത്തിലുടനീളം 867 വെതർ സ്റ്റേഷനുകൾ നിലവിൽ WINDS പദ്ധതി പ്രകാരം സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

### ലക്ഷ്യങ്ങൾ

- എല്ലാ വിളകൾക്കും സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ
- കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് കൂടുതൽ ആകർഷകമാക്കുക
- കൂടുതൽ വിളകൾക്ക് കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ്
- സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷക്കായി പ്രത്യേക ക്യാമ്പയിനുകൾ
- കൂടുതൽ വെതർ സ്റ്റേഷനുകൾ സ്ഥാപിക്കുക.
- സർക്കാർ വിവിധ വിളകൾക്ക് ഇപ്പോൾ നൽകുന്ന പിന്തുണകളായ അടിസ്ഥാനവില, തറവില, ഇൻസെന്റീവ് മുതലായവ നിലവിലുള്ള 20 വിളകളിൽ

നിന്നും ഉയർത്തി 30 വിളകൾക്ക് നൽകുക. അടിസ്ഥാന വില, താങ്ങ് വില തുടങ്ങിയവ കാലോചിതമായി പരിഷ്കരിക്കുക.

- കർഷക കടാശ്വാസ കമ്മീഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക.

- കർഷകക്ഷേമ നിധി ബോർഡില് നിന്നുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുക.

- മണ്ണിന്റെ പുനർജീവനം (ലിവിങ് സോയിൽ) പ്രത്യേക പദ്ധതിയായി നടപ്പാക്കുക.

- വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക.

**വെല്ലുവിളികൾ**

- പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം മാത്രമാണ് കേന്ദ്ര പദ്ധതിയിൽ നഷ്ടപരിഹാരത്തിന് പരിഗണിക്കുന്നത്. വന്യ മൃഗ ആക്രമണത്തിന് എതിരായി ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
- കേരളത്തിലെ കർഷകർ സമ്മിശ്ര കൃഷി അവലംബിക്കുന്നവരാണ്. ഒരു വിളയ്ക്ക് മാത്രമായി ഇൻഷുറൻസ് എടുക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യം വളരെയധികം കർഷകർ നേരിടുന്നുണ്ട് .
- വെതർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.
- കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ അംഗീകാരം ലഭ്യമാകാനുള്ള കാലതാമസം.
- പ്രളയവും കാലാവസ്ഥാ വ്യതിയാനവും മണ്ണിന്റെ ഗുണമേന്മയെ ബാധിക്കുന്നു.
- വിളവെടുപ്പാനന്തര പരിപാലനത്തിനുള്ള അപര്യാപ്തത.

**<u>ഇടപെടലുകൾ</u>**

- എല്ലാ വിളകൾക്കും സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ

- കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് കൂടുതൽ ആകർഷകമാക്കും

- കൂടുതൽ വിളകൾക്ക് കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ്

- സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷക്കായി പ്രത്യേക ക്യാമ്പയിനുകൾ

- കൂടുതൽ വെതർ സ്റ്റേഷനുകൾ സ്ഥാപിക്കും

- സർക്കാർ വിവിധ വിളകൾക്ക് ഇപ്പോൾ നൽകുന്ന പിന്തുണകളായ അടിസ്ഥാനവില, തറവില, ഇൻസെന്റീവ് മുതലായവ നിലവിലുള്ള 20 വിളകളിൽ നിന്നും ഉയർത്തി 30 വിളകൾക്ക് നൽകും. അടിസ്ഥാന വില, താങ്ങ് വില തുടങ്ങിയവ കാലോചിതമായി പരിഷ്കരിക്കും.
- കർഷക കടാശ്വാസ കമ്മീഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കും (KSFDRC)
- കർഷകക്ഷേമ നിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകും (KSFWFB)
- മണ്ണിന്റെ പുനർജീവനം (ലിവിങ് സോയിൽ) പ്രത്യേക പദ്ധതിയായി നടപ്പാക്കും
- വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കും
- വന്യമൃഗ ആക്രമണം മൂലമുള്ള കൃഷിനാശത്തിന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കും.
- കോൾഡ് ചെയിനുകളും ആധുനിക വെയർഹൗസുകളും, ശീതീകരിച്ച ട്രക്കുകളുടെയും ലഭ്യതയും ലോജിസ്റ്റിക്സ് ശൃംഖലകളും മെച്ചപ്പെടുത്തും.
- ഡിജിറ്റൽ മാർക്കറ്റിംഗ് സൗകര്യങ്ങളും സാങ്കേതിക സഹായവും നൽകി സംരംഭകരെയും സ്വയം സഹായ സംഘങ്ങളെയും പിന്തുണയ്ക്കും.

## 4.14 കാർഷിക പ്രോത്സാഹന പരിപാടികൾ

### 4.14 (i)10000 യുവാക്കൾക്ക് കർഷക മേഖലയിൽ AI / IoT പരിശീലനം

#### അവസ്ഥാവിശകലനം

ഇന്ത്യയിൽ കൃഷി പലതും ഇപ്പോഴും പരമ്പരാഗത രീതിയിലാണ് നടക്കുന്നത്. AI& IoT ഉപയോഗിച്ച് വിളയുടെ വളർച്ച, ജലവിനിയോഗം, മണ്ണിന്റെ ഗുണനിലവാരം എന്നിവ നിർണയിച്ച് നിയന്ത്രിക്കാൻ കഴിയും. IoT സെൻസറുകൾ വഴി വിളകൾക്ക് ആവശ്യമായ വെള്ളം, വളം തുടങ്ങിയവ സ്വയം നിയന്ത്രണം നടത്താം. AI അടിസ്ഥാനത്തിലുള്ള പ്രവചന വിശകലനം വഴി വില പ്രവചനം, വിള പരിചരണം, രോഗനിർണയം എന്നിവ സാധ്യമാണ്. കാർഷിക ടെക്നോളജി (AgriTech) സ്റ്റാർട്ടപ്പുകൾ വേഗത്തിൽ വളരുന്നു. യുവാക്കൾക്ക്

data analyst, agri-IoT technician, drone operator, farm automation specialist തുടങ്ങിയ പുതിയ തൊഴിൽ മേഖലകൾ ലഭ്യമാണ്

**ലക്ഷ്യങ്ങൾ**

- ICAR, Kerala Agricultural University, Maker Villages, Kerala Start-up Mission തുടങ്ങിയ സ്ഥാപനങ്ങൾ വഴി AI & IoT കർഷകർക്ക് ബോധവത്കരണവും ട്രെയിനിംഗും നടത്തുക.
- പാഠ്യപദ്ധതി കാർഷിക കോഴ്സുകളിൽ AI/IoT ഉൾപ്പെടുത്തുക.

**വെല്ലുവിളികൾ**

- വിദ്യാഭ്യാസ-ട്രെയിനിംഗ് കാർഷിക വിദ്യാലയങ്ങളിലോ ITI-കളിലോ AI/IoT പ്രത്യേക പരിശീലന കോഴ്സുകൾ കുറവാണ്.
- സാമ്പത്തിക സെൻസർ, ഡ്രോൺ, സ്മാർട്ട് ഉപകരണങ്ങൾ തുടങ്ങിയവയുടെ വില ഉയർന്നത് കൊണ്ട് ചെറുകർഷകർക്ക് പ്രാപ്യമല്ല.
- Infrastructure Internet, electricity, cloud connectivity ഗ്രാമപ്രദേശങ്ങളിൽ പരിമിതമാണ്.
- കർഷകരുടെ മനോഭാവം പുതുമയുള്ള ടെക്നോളജിയോടുള്ള അവബോധവും വിശ്വാസവും കുറവാണ്.
- Industry-Academic സഹകരണം കാർഷിക ഗവേഷണ സ്ഥാപനങ്ങൾക്കും ടെക് കമ്പനികൾക്കും തമ്മിലുള്ള കൂട്ടായ പ്രവർത്തനം പരിമിതമാണ്.

**ഇടപെടലുകൾ**

- കാർഷിക കോളേജുകളിലും ITI-കളിലും "Smart Agriculture using AI & IoT" എന്ന വിഷയമായി ഉൾപ്പെടുത്തും.
- Hands-on workshops, demo farms, drone training labs, IoT sensor kits എന്നിവ ഉപയോഗിച്ച് പ്രായോഗിക പഠനം ഉറപ്പുവരുത്തും.
- Rural Skill Development Centres വഴി യുവാക്കളെ പരിശീലിപ്പിക്കും.
- Digital Agriculture Mission, Kisan Drone Scheme, Agri Stack തുടങ്ങിയ പദ്ധതികളിൽ AI/IoT ഉൾപ്പെടുത്തും.
- സംസ്ഥാന തലത്തിൽ AgriTech Innovation Hubs സ്ഥാപിക്കും.
- കർഷക സഹകരണ സംഘങ്ങൾക്ക് (Cooperatives) IoT സൗകര്യങ്ങൾ

ലഭ്യമാക്കാൻ സബ്സിഡി നൽകും.

- AgriTech start-ups നെ ഗ്രാമതലത്തിൽ പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കും.
- Incubation centres മുഖേന യുവാക്കളെ AI-based farming solutions വികസിപ്പിക്കാൻ സഹായിക്കും.
- Industry-academia കൂട്ടായ്മ വഴി real-time pilot projects നടപ്പാക്കും.
- കർഷക ക്യാമ്പുകൾ, ഡിജിറ്റൽ എക്സ്പോ, പ്രാദേശിക ഭാഷയിലെ AI/IoT ആപ്ലിക്കേഷനുകൾ വഴി ബോധവത്കരണം നടത്തും.
- യുവാക്കളെ AI-enabled Agri Entrepreneurship വഴി സ്വയം തൊഴിൽ ദിശയിലേക്ക് നയിക്കും.

## 4.14(ii) 1000 സ്കൂളുകളിൽ സ്കൂൾ ഫാമുകൾ

**അവസ്ഥാവിശകലനം**

സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കുന്നതിനും അവരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയിൽ ഒരു മുഖ്യഘടകമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 30 സെന്റ് - 1 ഏക്കർ വിസ്തൃതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരമാവധി 1 ലക്ഷം രൂപ ധനസഹായം നൽകുന്നു.

**ലക്ഷ്യം.**

- 1000 സ്കൂളുകളിൽ സ്കൂൾ കൃഷിഫാമുകൾ ആരംഭിക്കും.

**ഇടപെടലുകൾ**

- സ്കൂൾ വളപ്പിൽ അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കും.
- സ്ഥലപരിമിതി ഉണ്ടെങ്കിൽ മൺചട്ടികൾ ഉപയോഗിച്ച് മട്ടുപ്പാവിൽ കൃഷി ചെയ്യും.
- കൃഷിഭവനിൽ നിന്നോ കൃഷി വകുപ്പിന്റെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഗുണമേന്മയുള്ള വിത്തുകൾ/തൈകൾ ലഭ്യമാക്കും.
- ജൈവവളം (ചാണകപ്പൊടി, കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്), മണ്ണ്, മണൽ എന്നിവ ലഭ്യമാക്കും.

- ഗ്രോബാഗ് കൃഷിക്കാണെങ്കിൽ ചകിരിച്ചോറ് പോലുള്ളവ ലഭ്യമാക്കും.
- തോട്ടത്തിന് ആവശ്യമായ ജലസേചന സൗകര്യം ഉറപ്പാക്കും.

## 4.14(iii) 1000 സ്കൂളുകളിൽ അഗ്രി കേഡറ്റ് കോപ്സ്

**അവസ്ഥാവിശകലനം**

സ്കൂൾ കുട്ടികൾക്കിടയിൽ കൃഷിയെപ്പറ്റി അവബോധം സൃഷ്ടിക്കാനും, ആരോഗ്യകരമായ ഭക്ഷണം പ്രോത്സാഹിപ്പിക്കാനും, പ്രകൃതിയുമായി ബന്ധം സ്ഥാപിക്കാനും , സാമൂഹിക പ്രതിബദ്ധത ഉണ്ടാക്കാനും പരമ്പരാഗതവും സുസ്ഥിരവുമായ കൃഷിയിൽ താൽപര്യം പുനരുജ്ജീവിപ്പിക്കാനും വിലപ്പെട്ട ജീവിത നൈപുണ്യങ്ങൾ പഠിപ്പിക്കാനും ലക്ഷ്യമിട്ട് സ്കൂളുകളിൽ അഗ്രി കേഡറ്റ് കോപ്സ് രൂപീകരിക്കുന്നു. അഗ്രി കേഡറ്റുകൾ കൃഷിയുടെ ബ്രാൻഡ് അംബാസ്സഡർമാരായി സ്കൂളുകളിൽ പ്രവർത്തിക്കുന്നു.

**ലക്ഷ്യം**

- 1000 സ്കൂളുകളിൽ അഗ്രി കേഡറ്റ് കോപ്സ് രൂപീകരിക്കുക.

**ഇടപെടലുകൾ**

- വിദ്യാർത്ഥി കൃഷിസേനയെ വാർത്തെടുക്കും.
- തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പരിശീലനം നൽകും.
- അഗ്രി കേഡറ്റുകൾക്ക് സ്കൂൾ പൊതു പരീക്ഷക്ക് ഗ്രേസ് മാർക്ക് നല്കും.

## 4.14(iv) 5000 അഗ്രി വോളന്റിയർമാർ

**അവസ്ഥാവിശകലനം**

കേരളത്തിന് നിരവധി കാരണങ്ങളാൽ കാർഷിക വളണ്ടിയർമാരെ ആവശ്യമാണ്. ഉയർന്ന കൂലി നിരക്ക്, യുവതലമുറയുടെ അന്യ നാട്ടുകളിലേക്കുള്ള കുടിയേറ്റം എന്നിവ സന്നദ്ധപ്രവർത്തകരുടെ പ്രാധാന്യം വർധിപ്പിക്കുന്നു. പ്രാഥമികമായി കൃഷി മേഖലയെ പുനരുജ്ജീവിപ്പിക്കുക, ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുക, നിലവിലുള്ള കർഷകരെയും കാർഷിക പരിപാടികളെയും പിന്തുണയ്ക്കുക. മാറിക്കൊണ്ടിരിക്കുന്ന ഭൂവിനിയോഗ രീതികൾ, കുറഞ്ഞ ഉൽപ്പാദനക്ഷമത, ഉയർന്ന തൊഴിൽ ചെലവ് എന്നിവയിൽ നിന്ന്

സംസ്ഥാനത്തിന്റെ കാർഷിക ഭൂപ്രകൃതി വെല്ലുവിളികൾ നേരിടുന്നു. സന്നദ്ധപ്രവർത്തകർ തൊഴിൽ, അറിവ് എന്നിവയിലെ നിർണായക വിടവുകൾ നികത്തുന്നു. സർക്കാർ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും കർഷകരെ കൃഷിയിടങ്ങളിൽ സഹായിക്കുന്നതിനും ഉപകാരപ്പെടുന്നു.

**ലക്ഷ്യം**

- സംസ്ഥാനത്ത് 5000 അഗ്രി വോളന്റിയർമാരെ വാർത്തെടുക്കുക.

**ഇടപെടലുകൾ**

- കേരളത്തിൽ ശക്തമായ ഒരു കാർഷിക സന്നദ്ധ സേനയെ വികസിപ്പിക്കുന്നതിന് സംസ്ഥാനതല നയം, പ്രാദേശിക സമൂഹ ഇടപെടൽ, യുവജന സമ്പർക്കം, ആധുനിക സാങ്കേതിക പരിശീലനം എന്നിവ സംയോജിപ്പിക്കുന്ന ബഹുമുഖ സമീപനം കൊണ്ടുവരും.
- കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് സെക്ഷന് കീഴിൽ പരിശീലനങ്ങൾ ക്രമീകരിക്കും.
- കാർഷിക കർമ്മ സേന പോലുള്ള നിലവിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്തും.

## 4.14 (V) കൃഷി ദർശൻ പരിപാടി എല്ലാ ബ്ലോക്കുകളിലും

**അവസ്ഥാവിശകലനം**

കർഷകർ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ജനപ്രതിനിധികളുടെയും കൃഷി വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ അവതരിപ്പിക്കാനും അതിനു തത്സമയം തന്നെ പരിഹാരം കാണാനും ഒരുക്കിയ ഒരു പ്ലാറ്റ്ഫോം ആയിരുന്നു കൃഷിദർശൻ.

നെടുമങ്ങാട്, ഒല്ലൂക്കര, ധർമ്മടം, ഹരിപ്പാട്, ചേർത്തല എന്നീ നിയോജക മണ്ഡലങ്ങളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിച്ചു. ഇതിനോടൊപ്പം ഡി.പി.ആർ ക്ലിനിക്, ബി ടു ബി മീറ്റ്, മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും ചേർന്നുള്ള കൃഷിയിട സന്ദർശനം, പരാതി പരിഹാര അദാലത്ത് എന്നിവ സംഘടിപ്പിക്കുകയുണ്ടായി. കൃഷിദർശന്റെ ഭാഗമായി കർഷക സൗഹൃദമായ പല നടപടികളും, ഉത്തരവുകളും പുറപ്പെടുവിക്കാൻ സാധിച്ചു.

**ലക്ഷ്യം**

- സംസ്ഥാനത്തെ എല്ലാ കാർഷിക ബ്ലോക്കുകളിലും കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുക.

**ഇടപെടലുകൾ**

- കർഷകരുടെ അറിവ് വർദ്ധിപ്പിക്കുക, പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുക, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക മുതലായ ലക്ഷ്യങ്ങൾ നിശ്ചയിക്കും.
- കൃഷി അനുബന്ധ വകുപ്പുകൾ, സഹകരണ ബാങ്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരെ പങ്കാളികളാക്കും .
- കാർഷിക സർവകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, അനുഭവ സമ്പന്നരായ കർഷകർ എന്നിവരെ പങ്കാളിത്തം ഉറപ്പാക്കും.
- വിത്ത്, വളം, കൃഷിയന്ത്രങ്ങൾ, ജൈവകൃഷി മാതൃകകൾ, പശു/താറാവ്/മീൻ കൃഷി ഉൽപ്പന്നങ്ങൾ മുതലായവയുടെ പ്രദർശനം നടത്തും.
- കർഷകർക്ക് പ്രശ്നങ്ങൾ അവതരിപ്പിക്കാൻ വിദഗ്ധരുടെ സഹായം ലഭ്യമാക്കും.
- കർഷകർ നൽകിയ അഭിപ്രായങ്ങൾ ശേഖരിക്കും.

## 4.14 (vi) SAMETI –യെ അന്താരാഷ്ട്ര പരിശീലന കേന്ദ്രമായി ഉയർത്തും

കൃഷി അനുബന്ധ വകുപ്പുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ/കർഷക പരിശീലന പരിപാടികളാണ് സ്റ്റേറ്റ് അഗ്രികൾച്ചർ മാനേജ്മെന്റ് എക്സ്റ്റൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (SAMETI) നിലവിൽ നടത്തിവരുന്നത്. കാർഷിക മേഖലയിൽ നൂതന ഡച്ച് സാങ്കേതിക വിദ്യകൾ സംസ്ഥാനത്ത് പ്രയോജനപെടുത്തുന്നതിനായി നെതർലാന്റുമായി സഹകരിച്ച് സമേതി മുഖേന അന്താരാഷ്ട്ര പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

## 4.14(vii) വിദേശരാജ്യങ്ങളിൽ 500 കർഷകർക്ക് പരിശീലനം

### അവസ്ഥാവിശകലനം

ഇസ്രായേലിലെ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള കൃഷിയിടങ്ങൾ നേരിട്ടുകണ്ട് മനസ്സിലാക്കുന്നതിനും പരിശീലനം നൽകുന്നതിനും സംസ്ഥാനത്തു ആദ്യമായി കർഷകരെ ഉൾപ്പെടുത്തി കാർഷികോൽപ്പാദന കമ്മീഷണറുടെ നേതൃത്വത്തിൽ സന്ദർശന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.കർഷകർക്ക് ഇസ്രായേലിലെ കാർഷിക സാങ്കേതിക കേന്ദ്രങ്ങളിൽ പരിശീലനം നൽകുകയും ഈ കർഷകർ നൂതന കൃഷി രീതികൾ

പകർത്തി മറ്റു കർഷകർക്ക് മാതൃക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്

**ലക്ഷ്യങ്ങൾ**

- കർഷക ഉൽപാദക കമ്പനികൾക്ക് (FPCs) ആധുനിക കൃഷി രീതികളും നവീകരണങ്ങളും പഠിക്കാൻ അവസരം നൽകുക.
- കർഷകരുടെ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വേദികളിൽ പ്രദർശിപ്പിക്കുന്നതിന് സൗകര്യം ഒരുക്കുക.
- കാർഷിക അടിസ്ഥാനത്തിലുള്ള ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് (MSMEs) ആഗോള വിപണികളിൽ അവസരങ്ങളും പങ്കാളിത്തങ്ങളും കണ്ടെത്താൻ സഹായിക്കുക.

**ഇടപെടൽ**

- കേരപദ്ധതി പ്രയോജനപ്പെടുത്തി തെരെഞ്ഞെടുത്ത കർഷകർക്കും കർഷക ഉല്പാദന സംഘടനകൾക്കും നൂതന സാങ്കേതിക വിദ്യകളിൽ വിദേശരാജ്യങ്ങളിൽ പരിശീലനം നല്കും

## 4.14(viii) വിദേശ സാങ്കേതിക സഹായത്തോടെ 5 മികവിന്റെകേന്ദ്രങ്ങൾ (Centers of Excellence)

**ലക്ഷ്യം**

ഉൽപാദനം ഉൽപാദനക്ഷമത എന്നിവ കൂട്ടുതൽ കൈവരിക്കാൻ നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുന്നതിൽ ലോകത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന വിദേശ രാജ്യങ്ങളുടെ സഹായത്തോടെ തെരെഞ്ഞെടുത്ത 5 കൃഷി ഫാമുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുവാൻ ലക്ഷ്യമിടുന്നു .

**വെല്ലുവിളികൾ**

- ഫണ്ടിന്റെ അഭാവം.
- സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനുള്ള കാലതാമസം.
- വിദഗ്ധ തൊഴിലാളികളുടെ അഭാവം.

**ഇടപെടലുകൾ**

- ഫീസിബിലിറ്റി സ്റ്റഡി നടത്തും.

- സെൻറർ ഓഫ് എക്സലൻസ് ആക്കാൻ ഉദ്ദേശിക്കുന്ന ഫാമുകളിൽ വിദഗ്ധരെ ഉപയോഗിച്ച് പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കും.

## 4.14(ix) അനുഭവം പദ്ധതി

**ആവശ്യകത**

- കൃഷിഭവനുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുക ,കർഷകരിൽ നിന്നും തത്സമയ പ്രതികരണങ്ങൾ ശേഖരിച്ച സേവന നിലവാരം ഉയർത്തുക
- ജീവനക്കാരുടെ ഉത്തരവാദിത്വ ബോധം വർധിപ്പിക്കുക , സേവന വിശ്വാസ്യതയും കർഷക സംതൃപ്തിയും ഉറപ്പാക്കുക

**ഇടപെടലുകൾ**

- കൃഷി ഭവൻ നൽകുന്ന സേവനകളെ ക്യൂ ആർ കോഡ് സംവിധാനം വഴി വിലയിരുത്തി കൂടുതൽ കാര്യക്ഷമവും കർഷക സൗഹൃദമാക്കും.
- കാൾ സെന്റർ സംവിധാനം : കർഷകരുടെ അനുഭവം വിലയിരുത്തി നവീന അനുഭവങ്ങൾ ഇതര കർഷകരുമായി പങ്കുവക്കും.
- പ്രവർത്തന നിലവാരം തത്സമയം വിലയിരുത്തി തുടർനടപടി കൈക്കൊള്ളും.

## 4.14(X) വെളിച്ചം പദ്ധതി

വെളിച്ചം പദ്ധതി കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിച്ച് കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കും. കൃഷി വകുപ്പിന്റെ ലൈവ് സ്ട്രീം ചെയ്യുന്ന മീറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കും. ഇതു വഴി തല്പരരായ കർഷർക്കും മറ്റ് ആളുകൾക്കും കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് സാദ്ധ്യമാകുന്നു.

## 4.15 കാർഷിക ടൂറിസം സർക്യൂട്ടുകൾ

**അവസ്ഥാവിശകലനം**

കർഷകരുടെ വരുമാനം വർധിപ്പിക്കാൻ ഫാം ടൂറിസം /അഗ്രി ടൂറിസം അത്യന്താപേക്ഷിതമാണ്. സന്ദർശകർക്ക് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ, ആകർഷണങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്ന നിരവധി ഫാമുകളെ ബന്ധിപ്പിക്കുന്ന റൂട്ട് തയ്യാറാക്കേണ്ടതുണ്ട് . കൂടുതൽ ഉല്പാദന ചിലവുകൾ നേരിടുന്ന

കർഷകർക്ക് നല്ലരീതിയിൽ വരുമാനം വർധിപ്പിക്കാൻ ഫാം ടൂറിസം സഹായകമാണ്.

പാലക്കാട്ടെ നെൽവയലുകൾ, ജൈവകൃഷിയിടങ്ങൾ, ഇടുക്കിയിലെ തേയിലത്തോട്ടങ്ങൾ, സുഗന്ധവ്യഞ്ജന തോട്ടങ്ങൾ, കേരള കാർഷിക ടൂറിസം ശൃംഖലയിൽ പങ്കെടുക്കുന്ന നിരവധി ചെറുകിട കൃഷിയിടങ്ങൾ എന്നിങ്ങനെ പ്രത്യേക കാർഷിക നേട്ടങ്ങൾക്കു പേരുകേട്ട പ്രദേശങ്ങളിലാണ് കേരളത്തിലെ കാർഷിക ടൂറിസം സർക്യൂട്ടുകൾ വികസിച്ചുകൊണ്ടിരിക്കുന്നത്. അഗ്രി ടൂറിസത്തിന്റെ സാദ്ധ്യതകൾ എല്ലാ കാർഷിക ബ്ലോക്കുകളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട് .

**ലക്ഷ്യം**

- പ്രത്യേക കാർഷികനേട്ടങ്ങൾക്ക് പേരുകേട്ട സ്ഥലങ്ങളെ ഉൾപ്പെടുത്തി 100 കാർഷിക ടൂറിസം സർക്യൂട്ടുകൾ തയ്യാറാക്കുക.

**വെല്ലുവിളികൾ**

- കർഷകർക്കും വിനോദസഞ്ചാരികൾക്കുമുള്ള അവബോധക്കുറവ്.
- മെഡിക്കൽ സൗകര്യങ്ങളുടെ അപര്യാപ്തത
- അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
- നയങ്ങളുടെ വ്യക്തതക്കുറവ്.
- കർഷകരുടെ ആതിഥ്യമര്യാദയിലും ബിസിനസ് മാനേജ്മെന്റിലുമുള്ള വൈദഗ്ധ്യ ക്കുറവ്.
- പരമ്പരാഗത കൃഷി രീതികളിൽ നിന്നുള്ള മാറ്റം .

**ഇടപെടലുകൾ**

- അഗ്രിഫാം സർക്യൂട്ടുകൾ കണ്ടെത്തും.
- ഫാം ടൂറിസത്തെ കുറിച്ച് കർഷകർക്ക് ബോധവത്കരണം നടത്തും.
- ഫാമിലോ ഹോംസ്റ്റേയിലോ താമസിച്ചുകൊണ്ട് ഗ്രാമീണ ജീവിതം അനുഭവിച്ചറിയാൻ അവസരമൊരുക്കും.
- വിളവെടുക്കുന്നത് പോലുള്ള കാർഷിക പ്രവർത്തനങ്ങളിൽ പ്രായോഗിക അനുഭവം സാധ്യമാക്കും.
- കർഷകരിൽ നിന്ന് നേരിട്ട് പുതിയതും പ്രകൃതിദത്തമായി വളർത്തിയതുമായ പച്ചക്കറികളും മറ്റ് കാർഷിക ഉൽപ്പന്നങ്ങളും വാങ്ങുന്നതിന് അവസരമൊരുക്കും.

- പ്രാദേശിക സമൂഹങ്ങളുമായി ഇടപഴകുക, പരമ്പരാഗത കലാരൂപങ്ങൾ കാണുക, പ്രാദേശിക ഭക്ഷണവിഭവങ്ങൾ ആസ്വദിക്കുക എന്നിവയ്ക്ക് അവസരമൊരുക്കും.
- പലപ്പോഴും ഫാം ടൂറിസവുമായി സംയോജിപ്പിച്ച ട്രെക്കിംഗ്, ബോട്ടിംഗ്, മീൻപിടുത്തം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരമൊരുക്കും.
- മൃഗസംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ ടൂറുകൾ ആവിഷ്കരിക്കും.

## 4.16 കർഷകർക്ക് കാർബൺ ക്രെഡിറ്റ് പദ്ധതികൾ

### അവസ്ഥാവിശകലനം

പാലക്കാട് തൃശ്ശൂർ ജില്ലകളിലായി ഏകദേശം 20,000 ഏക്കർ നെൽപ്പാടങ്ങളിൽ Alternate Wetting and Drying (AWD) രീതി നടപ്പിലാക്കുന്നതിലൂടെ ഏകദേശം 40,000 കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു. കൂടുതൽ കാര്യക്ഷമമായ ജലനിർവ്വഹണത്തിലൂടെ ജലസേചനം ഉറപ്പ് വരുത്തുകയും AWD രീതി നെൽകൃഷിയിൽ നിന്നുള്ള മീഥേൻ വാതക ഉത്സർജനം ഗണ്യമായി കുറയ്ക്കുകയും കാർബൺ ക്രെഡിറ്റ് ഫിനാൻസിംഗിലേക്ക് പ്രവേശനം സാധ്യമാക്കുകയും ചെയ്യും. കാലാവസ്ഥാ സൗഹൃദ കൃഷി രീതികൾ സ്വീകരിക്കാൻ കർഷകർക്ക് ബോധവൽക്കരണം നടത്തും.

ഈ പദ്ധതി ജലോപയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം, ആഗോള കാർബൺ വിപണികളിൽ പങ്കാളിത്തത്തിലൂടെ കർഷകർക്ക് പുതിയ വരുമാന മാർഗങ്ങൾ തുറന്നുകൊടുക്കും.

### ലക്ഷ്യം

- കർഷകർക്ക് കാർബൺ ക്രെഡിറ്റിലൂടെ വരുമാനം ലഭ്യമാക്കുക.

### ഇടപെടലുകൾ

- നെൽകൃഷിയിൽ ജലം ഉപയോഗിക്കുന്നതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപയോഗം കുറക്കുന്നതിനും ഉതകുന്ന സാങ്കേതിക വിദ്യകൾ കാർഷിക സർവകലാശാലയിലും കർഷക പങ്കാളിത്തത്തോടെ കർഷകരുടെ കൃഷിയിടങ്ങളിലും പരീക്ഷിച്ച് ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറഞ്ഞ ഉചിതമായ സാങ്കേതിക വിദ്യകൾ കണ്ടെത്തുകയും അത് നടപ്പിൽ വരുത്തുകയും ചെയ്യും.

- ഉചിതമായ സാങ്കേതിക വിദ്യകൾ കേരളത്തിന്റെ നെൽകൃഷി മേഖലയിലേക്ക് വ്യാപിപ്പിക്കുന്നു. കർഷകർക്ക് ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറഞ്ഞ സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിലൂടെ കാർബൺ ക്രെഡിറ്റ് സംവിധാനം നൽകാനുള്ള പരിപാടികൾ നടപ്പിലാക്കുന്നു. ഇതിനായി ഭരണതലത്തിൽ ഉചിതമായ തീരുമാനങ്ങൾ നടപ്പിലാക്കും.

## 4.17 വനിതാ കർഷക പദ്ധതികൾ.

### അവസ്ഥ വിശകലനം

നിലവിൽ വനിതകൾക്ക് മാത്രമായിട്ടുള്ള കാർഷിക പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.

### ലക്ഷ്യങ്ങൾ

- ഐക്യരാഷ്ട്ര സംഘടനാ പ്രഖ്യാപിച്ചിരിക്കുന്ന അന്താരാഷ്ട്ര വനിതാ കർഷക വർഷമായ 2026 ജനുവരി മുതൽ വിവിധങ്ങളായ വനിതാ കർഷക പദ്ധതികൾ നടപ്പിലാക്കുക.
- വനിതാ കർഷകരുടെ കൃഷിക്കൂട്ടങ്ങൾ, സംരംഭങ്ങൾ എന്നിവയ്ക്ക് മുൻഗണന നല്കുന്നതിനോടൊപ്പം സാങ്കേതികവിദ്യ, വാണിജ്യ കൃഷി, കയറ്റുമതി എന്നിവയിൽ പ്രത്യേക പരിഗണന നൽകി പ്രോത്സാഹിപ്പിക്കുക.

### ഇടപെടൽ

അന്താരാഷ്ട്ര വനിത കർഷക വർഷത്തിന്റെ ഭാഗമായി കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ 2026 വർഷം വനിതകൾക്കായി പദ്ധതി ആവിഷ്കരിക്കും.

## 4.18 കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്ന കൂടുതൽ വിത്തിനങ്ങൾ

### അവസ്ഥ വിശകലനം

കാർഷിക കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപെട്ട പ്രശ്നം കാലാവസ്ഥാ വ്യതിയാനവും അതുമൂലം ഉണ്ടാകുന്ന അതിതീവ്ര മഴ, വെള്ളപ്പൊക്കം, വർദ്ധിച്ചുവരുന്ന താപനില, ഉഷ്ണതരംഗം എന്നിവയാണ്. കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ കർഷകരെ സഹായിക്കുന്നതിന് കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന

ഗുണമേന്മയുള്ള വിത്തിനങ്ങൾ വികസിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആഗോളതാപനത്തിനു കാരണമാകുന്ന കാർബൺ അധികമായി അന്തരീക്ഷത്തിലേക്ക് പുറംതള്ളാതിരിക്കുന്നതിനായി സഹായിക്കുന്ന വിത്തിനങ്ങളും വികസിപ്പിക്കേണ്ടതായിട്ടുണ്ട്.

ഉയർന്ന ഊഷ്മാവിനെ പ്രതിരോധിക്കുന്ന നെല്ലിനങ്ങൾ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്. കൂടുതൽ ഗവേഷണം നടന്നു വരുന്നു. പച്ചക്കറി വിളകളിൽ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന വിത്തിനങ്ങൾ വികസിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്. ഫലവർഗ്ഗ വിളകൾ, സുഗന്ധ വിളകൾ എന്നിവയിലും കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുക്കുന്ന ഇനങ്ങൾ അത്യാവശ്യമാണ്.

**<u>വെല്ലുവിളികൾ</u>**

- കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന വിത്തിനങ്ങൾ വികസിപ്പിക്കുന്നതിനായി 8 മുതൽ 12 വർഷം വരെയുള്ള പഠനങ്ങൾ ആവശ്യമാണ്.
- ഗവേഷണവും അതിനാവശ്യമായ സാമ്പത്തിക ലഭ്യതയും.

**<u>ഇടപെടലുകൾ</u>**

- കേരളത്തിലെ വൈവിധ്യമാർന്ന ഭൂപ്രകൃതികൾക്കും അവിടെ കൃഷി ചെയ്യുന്ന വിളകൾക്കും അനുസൃതമായി പരിഗണിക്കേണ്ട കാലാവസ്ഥാ വ്യതിയാന ഘടകത്തെ ആദ്യമായി തീരുമാനിക്കും.
- കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന വിത്തിനങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ വികസിപ്പിക്കും. നെല്ലിൽ 8 ഇനങ്ങൾ, പച്ചക്കറിയിൽ 8 ഇനങ്ങൾ, ഫലവർഗ്ഗങ്ങളിൽ 6 ഇനങ്ങൾ, സുഗന്ധവ്യഞ്ജന വിളകളിൽ 8 ഇനങ്ങൾ എന്നിങ്ങനെ വിത്തിനങ്ങൾ വികസിപ്പിക്കും.

## <u>4.19 ജലസംരക്ഷണത്തിനായി 5000 ചെറുകുളങ്ങളുടെ പദ്ധതി</u>

**<u>അവസ്ഥാവിശകലനം</u>**

ധാരാളം മഴ ലഭിക്കാറുണ്ടെങ്കിലും വേനൽക്കാലത്ത് ജല ദൗർലഭ്യം കേരളത്തിലെ പ്രധാന പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് മാലിന്യം നിറഞ്ഞു അവഗണിക്കപ്പെട്ട അവസ്ഥയിലുള്ള നിരവധി കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നത് വഴി ജലസേചന സൗകര്യം

മെച്ചപ്പെടുത്തുന്നതിനും ഭൂഗർഭ ജലവിതാനതോത് ഉയർത്തുന്നതിനും ചുറ്റുമുള്ള കിണറുകളിൽ വർഷം മുഴുവൻ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും സഹായകമാകും.

**ലക്ഷ്യം**

- ജലസംഭരണത്തിനായി 5000 ചെറുകുളങ്ങൾ പുനരുദ്ധാരിക്കും.

**ഇടപെടലുകൾ**

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും ഇടപെടലുകളിലൂടെ വ്യക്തികളുടെ കൈവശമുള്ള കുളങ്ങൾ പൊതു ആവശ്യത്തിനായി വിട്ടു നൽകിക്കൊണ്ടു നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും
- പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം പദ്ധതി മുഖേന 2026 മുതൽ 2031 വരെയുള്ള കാലയളവിൽ 1650 കുളങ്ങളുടെയും നബാർഡ് RIDF പദ്ധതി വഴി 3350 കുളങ്ങളുടെയും പുനരുദ്ധാരണം മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കും.

## 4.20 വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കാനുള്ള നടപടികൾ

വിളവെടുപ്പിനു ശേഷമുള്ള ഉത്പന്നനഷ്ടം ഇന്ത്യൻ കാർഷിക മേഖല നേരിടുന്ന ഏറ്റവും നിർണായക വെല്ലുവിളികളിൽ ഒന്നാണ്. പഴം പച്ചക്കറികൾ അവയുടെ സവിശേഷ പ്രത്യേകതകൾ മൂലം വിളവെടുപ്പിനുശേഷം 30% വരെ നഷ്ടപ്പെടാം. പഴങ്ങൾ, പച്ചക്കറികൾ, തോട്ടവിളകൾ എന്നിവയ്ക്കായി വിളവെടുപ്പിനു ശേഷമുള്ള സാങ്കേതികവിദ്യകൾ ലഭ്യമാണെങ്കിലും അവബോധമില്ലായ്മയും ഗണ്യമായ ചെലവുകളും മൂലം ഇവ അവലംബിക്കുന്നില്ല.

ഇടപെടലുകൾ :

വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കൈകാര്യം ചെയ്യുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, നയ പരിഷ്കാരങ്ങൾ, സാങ്കേതിക നവീകരണം, കർഷക കേന്ദ്രീകൃത പിന്തുണാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന ബഹുമുഖ സമീപനം ആവശ്യമാണ്. കാർഷിക വിതരണ ശൃംഖലയുടെ വിവിധ തലങ്ങളിൽ വിളവെടുപ്പാനന്തര നഷ്ടങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രായോഗിക ഇടപെടലുകൾ ചുവടെ ചേർക്കുന്നു

a . സംഭരണ, ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ - കോൾഡ് ചെയിനുകളും ആധുനിക വെയർഹൗസുകളും, മിതമായ വിലയിൽ കൃഷിയിടത്തിലെ സംഭരണം, ശീതീകരിച്ച ട്രക്കുകളുടെയും ലഭ്യത വർദ്ധിപ്പിക്കുകയും ലോജിസ്റ്റിക്സ് ശൃംഖലകൾ മെച്ചപ്പെടുത്തുകയും വേണം

**b.** വിപണന സാധ്യത മെച്ചപ്പെടുത്തൽ - ഡിജിറ്റൽ മാർക്കറ്റിംഗ്, സൗകര്യങ്ങളും

സാങ്കേതിക സഹായവും നൽകി സംരംഭകരെയും സ്വയം സഹായ സംഘങ്ങളെയും പിന്തുണയ്ക്കുക.

c. നയപരവും സാമ്പത്തികവുമായ ഇടപെടലുകൾ – വിളവെടുപ്പാനന്തര പദ്ധതികൾക്കുള്ള ധനസഹായം വർധിപ്പിക്കുക

d. പരിശീലന പരിപാടികൾ

e. സംഭരണത്തിലും ഗതാഗതത്തിലും IoT, കൃത്രിമ ബുദ്ധി I സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക.

## 5. നടപ്പാക്കലും നിരീക്ഷണവും

കൃഷി വകുപ്പ്,, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, കാബ്കോ, KAU, VFPCK, കുടുംബശ്രീ തുടങ്ങിയവയുടെ ഏകോപനത്തിലൂടെ Vision 2031 നടപ്പാക്കും. ഇടവേളകളിലെ റിവ്യൂ, കതിർ ഡാഷ്ബോർഡ്, സാമൂഹിക ഓഡിറ്റ് സംവിധാനം എന്നിവയിലൂടെ നിരീക്ഷണം ഉറപ്പാക്കും. ഫണ്ടിംഗ് ഉറവിടങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് , വിവിധ കേന്ദ്ര ഫണ്ടുകൾ, KERA, ലോകബാങ്ക് തുടങ്ങിയവ ആണ്. പദ്ധതി 2026 ജനുവരി 1 മുതൽ ഘട്ടംഘട്ടമായി ആരംഭിക്കും.

## 6. ഉപസംഹാരം

കേരള കാർഷിക മേഖലയെ സ്വയംപര്യാപ്തവും സുസ്ഥിരവുമായ ദിശയിലേക്ക് മാറ്റാൻ ഈ നയരേഖ മാർഗദർശകമാകും. നവീന സാങ്കേതികത, കൂട്ടായ്മാധിഷ്ഠിത വികസനം, കർഷക ക്ഷേമം എന്നിവയിലൂടെ 2031-ഓടെ “നവീനം, സുസ്ഥിരം, സ്വയംപര്യാപ്തം - കാർഷിക കേരളം” എന്ന സ്വപ്നം യാഥാർത്ഥ്യമാകും.